Archivfilm
vorhanden

N12<527029630 021 LS
ubTÜBINGEN

Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

പശ്ചിമോദയം

നമ്പ്ര ഒന്നിന്നു | തലശ്ശേരി | ൨ പൈസ്സവില

൧. നമ്പ്ര | | ൧൮൪൯ ജനുവരി

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൭. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

ലങ്കാദ്വീപിന്റെ വടക്കകിഴക്കെ കരമെൽ ത്രിക്കൊണമലകൊട്ട ഈ ഖണ്ഡത്തിലെ മുഖ്യമായ തുറമുഖത്തിൻ അരികിൽ നില്ക്കകൊണ്ടു ഏറ്റവും പ്രസിദ്ധപ്പെട്ടിരിക്കുന്നു കൊഴിക്കൊത-മദ്രാസ മുതലായ ദെശങ്ങളിലെ തുറമുഖങ്ങളിൽ മഴക്കും വെറിക്കാറ്റും നിമിത്തം അണഞ്ഞുനില്പാൻ കഴിയാത്ത സമയവും കപ്പല്ക്കാൎക്കു ത്രിക്കൊണമല തുറമുഖം തന്നെ ഒരാവത്തും വരാത്ത സങ്കെതസ്ഥലമാകുന്നതും വലിയ വടക്കപ്പലുകളും അനെക പത്തമാരികളും അതിൽ പ്രവെശിച്ചു നങ്കൂരം ഉടുവാൻ വിസ്താരം വെണ്ടുവൊളം ഉണ്ടു കൊട്ടയിൽ വസിക്കുന്ന ഇങ്ക്ലിഷ പട്ടാളമല്ലാതെ നിവാസികൾ എല്ലാവരും ഹിന്തുജാതികൾ തന്നെ ആകുന്നു

ത്രിക്കൊണമലയിൽനിന്നു വടക്കൊട്ടു ദ്വീപിന്റെ അററത്ത തന്നെ ചില തുരുത്തികൾ ഉണ്ടു അതിൽ മുഖ്യമായതു യാഴ്പാണം തന്നെ മലയും പാറകളും അതിൽ ഇല്ലായ്കകൊണ്ടു കുടിക്കാരുടെ മുഖ്യ പ്രവൃത്തി കൃഷി തന്നെ ആകുന്നു ചില തുറമുഖങ്ങളും അവിടെ ഉണ്ടാകകൊണ്ടു കച്ചൊടവും എറെ നടക്കുന്നു നിവാസികൾ മിക്കവാറും തമിഴരാകുന്നു അല്പം ചില ഹൊല്ലന്തകാരും ത്രിക്കൊണമലയിൽനിന്നും മററും അങ്ങൊട്ടു ചെന്നു കുടിയെറി വസിക്കുന്നു

ലങ്കാദ്വീപിന്റെ അകത്തുള്ള മലപ്രദെശത്തിലെ സകല ഉന്നതകളുടെ അവസ്ഥ വിവരിച്ചു പറവാൻ കഴികയില്ലക ഉന്ഥിൽനിന്നു ഏകദെശം ൧൨ കാതം വടകിഴക്കൊട്ടു മുമ്പെത്ത രാജധാനിയായ കണ്ടിനഗരം സമു.-൧൬൦൦൦ കാലടി ഉയരമുള്ള മലപ്രദെശത്തിൽ കിടക്കുന്നു ബുദ്ധന്റെ പല്ലു സൂക്ഷിച്ചുവെച്ചു ക്ഷെത്രമല്ലാതെ അതിൽ ഒരു വിശെഷം കാണ്മാനില്ല പ്രജകളുടെ സംഖ്യ ഏകദെശം ൫൦൦൦ ആയിരിക്കും ദ്വീപു മുഴുവനും ഇങ്ക്ലിഷ്ക്കാരുടെ വശം വ

ന്നസമയം മുതൽ ആ പട്ടണത്തിന്റെ ശൊഭെക്കും സൌഖ്യത്തിന്നും വളര വ്യസനം വന്നുപൊയി

ലങ്കാദ്വീപിലെ നിവാസികൾ പുരാണകാലമെന്നതിൽ പാൎത്തുവരുന്നവരും പുറനാട്ടിൽനിന്ന കൂടക്കൂട വന്ന നാട്ടുപിടിച്ചടക്കി കുടിയെറിയവരും എന്നിങ്ങിനെ രണ്ടുവിധം തന്നെ ആകുന്നു പുരാണവാസികൾ സിംഹളർ എന്നപെർ അവർ മിക്കവാറും മലനാട്ടിലും തെക്കെ അംശത്തിൽ കടപ്പുറങ്ങളിലും വസിക്കുന്നു ബ്രഹ്മവിഷ്ണുമഹെശ്വരന്മാരെ സെവിക്കാത്ത ബൌദ്ധമതക്കാരാകകൊണ്ടു ജാതിഭെദം ഹിന്തുജാതികളെപ്പൊലെ ആചരിക്കുന്നില്ല അവരുടെ ഭാഷെക്ക പാലി എന്ന പെർ അത സംസ്കൃതത്തിൽ പ്രാകൃതഭാഷയത്രെ ആകുന്നു വിദ്യാഭ്യാസം ചിത്രം മുതലായ ശില്പപണി കൃഷി കച്ചവടം എന്നിവറ്റിന്ന അവൎക്ക പ്രാപ്തിയും ഉത്സാഹവും അല്പമെയുള്ളു

വഴിയെ വന്ന കുടിയെറിപാൎക്കുന്നവർ പലവിധം ഹിന്തുചക്രവൎത്തികളുടെ കാലത്തിൽ ഒരൊ യുദ്ധങ്ങൾ നടന്ന സമയം മുതൽ തമിഴർ തെലുങ്കർ മലയാളികൾ എന്നിവകക്കാർ അവിടെ ചെന്ന വടക്കെ ദെശങ്ങളിൽ ആധിക്യം പ്രാപിച്ചു പാൎത്തുവരുന്ന അവർ അല്ലാതെ പല ചൊനകർ എന്ന അറവിസന്തതികൾ ദ്വീപിൽ എങ്ങും ചിതറിവസിച്ചു കച്ചവടം ചെയ്തുകൊണ്ടുമിരിക്കുന്നു പല പൊൎത്തുഗീസർ ഹൊല്ലന്തർ ഇങ്ക്ലിഷ്കാർ എന്ന വിലാത്തി ജാതികളും - ചീനക്കാർ പാൎസികൾ എന്ന ആസ്യഖണ്ഡക്കാർ ചിലർ - ആഫ്രിക്കയിൽനിന്ന വന്നു ഹൊല്ലന്തർ കൊണ്ടുവന്ന കാപ്പിരികളുടെ മക്കളും ദ്വീപിൽ പലദിക്കുകളിലും കുടിയെറി വസിക്കുന്നു

ലങ്കാദ്വീപിലെ പൂൎവ്വചരിത്രത്തിൽ നല്ല നിശ്ചയം ഇല്ല വിലാത്തിക്കാർ അവിടെ വന്ന സമയം മുതൽ നടന്ന വ്യവസ്ഥകളെ മാത്രം പറയാം ൧൫൦൫ ക്രി. അ. പൊൎത്തുഗീസർ ആദ്യം ആ ദ്വീപിനെ കണ്ടു ൧൫൧൭ ക്രി. അ. അതിൽ കുടിയിരിപ്പാൻ തുടങ്ങി അവരുടെ കയ്യാൽ രൊമമതക്കാരുപദ്രവത്തിൽ പ്രവെശിച്ചു നന്ത്രമിട്ട ചൊൽ സിംഹളർ ഭ്രമിച്ചു ഓടി തങ്ങടെ രാജാവെ കണ്ടു ഒരുവക വെളുത്ത സുന്ദരന്മാർ ഇവിടെ എത്തി ഇരിമ്പുതൊപ്പിയും ചട്ടയും ധരിച്ചും

വെളുത്ത കല്ലുകളെ തിന്നും ചോര കുടിച്ചും മീൻ നാരങ്ങ മുതലായത വാങ്ങിയാൽ വിലയായി പൊൻപണം കൊടുത്തും വലിയ കിളിച്ചുള്ള കുഴലുകളെ കൊണ്ടു ഇടിവെട്ടുമ്പൊൾ വലിയ ഉണ്ടകൾ ൧൦൨ നാഴിക ദൂരം അതിൽനിന്നോടി പറന്നു കോട്ടകളിലൊ ഭവനത്തിലൊ തട്ടിയാൽ സകലവും ഇടിച്ചു കളയുന്നു എന്നിപ്രകാരമുള്ളവർ ആകുന്നു എല്ലാം ഇങ്ങത്തിച്ചാരെ രാജാവു ഭയപ്പെട്ടു ഇവര വരെ കൊണ്ടു സഖ്യവും സമയവും ചെയ്തു കിലങ്ങളെയും താഴയായി കൊടുത്തു കരം ഇരക്കുവാൻ സമ്മതിക്കയും ചെയ്തു അന്നു മുതൽ പൊർത്തുഗീസർ കൊളമ്പിലും മറ്റും പാണ്ടികശാലകൾ തുടങ്ങി അല്പകാലം കഴിഞ്ഞാറെ സിംഹളരാജാവിന്ന ഗൃഹഛിദ്രം ഉണ്ടായപ്പൊൾ ഒരാമമതം അംഗീകരിച്ചു ദൊൻജുവാൻ ധർമ്മപാലി എന്നവന്റെ പേരും ചെൻപട വെട്ടിച്ചു അവനെ രാജാവാക്കുകയും ചെയ്തതിന്നെയും ഉണ്ടായ യുദ്ധങ്ങളിൽ പൊർത്തുഗീസർ കൂടക്കൂടെ ജയിച്ചു മിക്കതും പിടിച്ചടക്കിവാണു എന്നിട്ടും സൌഖ്യം വന്നില്ല മറുപക്ഷക്കാർ ഇതിന്നെയും ഇതിന്നെയും കലഹിച്ചു ഒരു സമയം ജയിച്ചു ഹൊല്ലന്തരുടെ സഹായത്തിനാലെ ൧൬൫൮ ക്രി. അ. പൊർത്തുഗീസരെ മുഴുവനും സിംഹളത്തിൽനിന്നു ആട്ടികളകയും ചെയ്തു എന്നിട്ടും സിംഹളക്കാർക്കു അതിനാൽ ലാഭം ഒന്നും ഉണ്ടായില്ല ഹൊല്ലന്തർ കൂടക്കൂടെ സകല കടപ്പുറങ്ങളിലും വന്നു അതിക്രമിച്ചു ഇടങ്ങളെയും മറ്റും കൈക്കലാക്കി സിംഹളത്തിൽ എങ്ങും അധികാരികളായി വസിച്ചുവന്നതു കന്നുസിംഹം എന്ന പേരുള്ള രാജാവു ൧൭൯൬ ക്രി. അ. ഇംഗ്ലിഷ്കാരെ തുണെക്കായി വിളിച്ചു ഹൊല്ലന്തരെ തൊല്പിച്ചു പുറത്താക്കുകയും ചെയ്തതിന്റെ ശേഷം സിംഹളത്തിൽ എങ്ങും ഒരൊ കലഹങ്ങളും രാജദ്രോഹങ്ങളും മറ്റും നടന്നപ്പൊൾ ഇംഗ്ലിഷ്കാർ ക്രമത്താലെ ആയതിനെയും അമർത്തി ൧൮൧൫ ക്രി. അ. ശ്രീവിക്രമസിംഹം എന്ന കണ്ടിരാജാവെ സ്ഥാനഭ്രഷ്ടനാക്കി സിംഹളം മുഴുവനും വശീകരിച്ചു ഇന്നെയോളം വാണുകൊണ്ടിരിക്കുന്നു

പൊർത്തുഗീസർ ലങ്കാസിംഹളത്തിൽ വന്ന സമയം മുതൽ ഇതുവരെയും ഒരൊ വകക്കാർ അവിടെ എങ്ങും ക്രിസ്തുമതം നടത്തുവാൻ ഉത്സാഹിച്ചത മുഴുവനും അസാദ്ധ്യമായി പൊയില്ല ഹൊല്ലന്തർ വാണുകൊണ്ടിരുന്നപ്പൊൾ ൧൦൦ എഴുത്തുപള്ളികളിൽ വെച്ചു എറകാലമായിട്ടു ലക്ഷം കുട്ടികളെ പഠിപ്പിച്ചു സത്യവെദവും മറ്റും അറിവാൻ സംഗതി വരുത്തി പുരുഷന്മാരെയും സ്ത്രീകളെയും സ്നാ

നംകഴിച്ചു ക്രിസ്തുസഭയൊടു ചെൎത്തു ഒരൊ ദിക്കുകളിൽ പള്ളികളെയും പണിയി ച്ചു പ്രസംഗത്തിനായി പാതിരിമാരെ വരുത്തി പാൎപ്പിക്കയും ചെയ്യുന്നതിനു മുമ്പെ പൊൎത്തുഗീസർ അപ്രകാരം തന്നെ അനെകരെ തമ്മതാനുസാരികളാക്കി യിരിക്കിലും അവരുടെ ഉപദെശം മിക്കതും മാ— മനഃകല്പിതമാകകൊണ്ടു ആ ക്രിസ്ത്യാനികൾ ഇപ്പൊൾ പെർമാത്രം ശെഷിച്ചിരിക്കുന്നു നാട്ടിൽ അവർ ശുദ്ധ അജ്ഞാനികളുടെ വെലകാട്ടുന്നുള്ളു- ഇങ്ക്ലീഷ്കാർ ഈ ദ്വീപു സ്വാധീന മാക്കിയനാൾ മുതൽ കൂടക്കൂട ൻ-൪ മിശ്യൊൻ സംഘങ്ങളിൽ നിന്നു പാതി രിമാർ വന്നു ശുദ്ധസുവിശെഷം അറിയിച്ചതിൽ അധികം എഴുത്തുപ ള്ളികളെയും സ്ഥാപിച്ചു അനെകൎക്കു സത്യജ്ഞാനം ഗ്രഹിപ്പിച്ചു. പ്രത്യെകം ദ്വീ പിന്റെ വടക്കെ ഭാഗത്തു അവരുടെ പ്രയത്നഫലങ്ങളെ കണ്ടു സന്തൊഷിച്ചു അ നുഭവിച്ചുവരുന്നു

ആകാശനൌം-തുടൎച്ച-

അനന്തരം ഒരൊരൊ വിദ്വാന്മാർ ആകാശപന്തിനെ കുറവില്ലാതെ ആക്കി തികവു വരുത്തുവാൻ നൊക്കി യത്നമായി ഒരൊരൊ പന്തു ചെയ്തു പല രാജ ധാനികളിലും നഗരങ്ങളിലും ചെന്നു പന്തൊടും കൂടെ ആകാശത്തിൽ കയറി വളരെ സമ്മാനം വാങ്ങുകയും ചെയ്തു- ഇവരിൽ ബ്ലഞ്ചൎത്ത എന്നവൻ എല്ലാരി ൽ പൊങ്ങി ഞാനു അതിശയം കാട്ടി ധനം വളരെ സമ്പാദിച്ചശെഷം ഇങ്ക്ലന്ത വി ട്ടു ഫ്രാഞ്ചിയിലെക്കു പറപ്പാൻ വിഷമം ഇല്ല എന്നു പറഞ്ഞു തന്നെത്താൻ വാഴ്ത്തി അ നവധി ജനങ്ങൾ കൂടി നൊക്കുമ്പൊൾ ദൊവർ കടപ്പുറത്തു നിന്നു പന്തിൽ കയ റി (൧൭൮൫. ജനു. ൭) ബ്ലഞ്ചത്തൊടു കൂട ഒർ അമെരിക്കക്കാരൻ ഉണ്ടായിരു ന്നു- നല്ല കാറ്റുണ്ടാക കൊണ്ടു അവർ വെഗത്തിൽ ഫ്രാഞ്ചിയുടെ നെരെ പ റക്കുമ്പൊൾ ഉടനെ ജലവായു പന്തിന്റെ ഒരു വഴുതിൽ കൂടി പുറത്തു പൊവാ ൻ തുടങ്ങി പന്ത് ഏകദെശം സമുദ്രത്തൊളം താഴുകയും ചെയ്തു- അപ്പൊൾ അ വർ ഭയപ്പെട്ടു ഭാരമുള്ളത് ഒക്കെയും. കുപ്പായം മുതലായതും സമുദ്രത്തിൽ ചാടിക ളഞ്ഞിട്ടും വെള്ളം തൊടുമാറായപ്പൊൾ കാറ്റു അധികം അടിച്ചതിനാൽ പിന്നെയും അല്പം കയറി കലെസ് പട്ടണത്തിന് അരികിൽ ഒരു കാട്ടിൽ ഇറങ്ങു

കയും ചെയ്തു- ഫ്രാഞ്ചി രാജാവ് ആ സ്ഥലത്ത് ഒൎമ്മക്കായി ഒരു സ്തംഭം നാട്ടിച്ചു അതി
ന്നു സമ്മാനവും മരണപൎയ്യന്തം ആണ്ടുതൊറും ൧൦൦൦ റീത്ത രൂപികയും ചെലവിന്നു കൊ
ടുത്തു പൊരുകയും ചെയ്തു

ഈ പ്രയോഗങ്ങൾ സാധിച്ചു ഇവിധാനായ രൊഷ്യർ പരീക്ഷിച്ചപ്പൊൾ താനും
ചങ്ങാതിയും നശിച്ചുപൊയി- അതിന്റെ കാരണം കാറ്റിനെ വിരൊധിക്കെ
ണ്ടതിന്നു തണ്ടു ഇഴ മുതലായ യന്ത്രങ്ങളെ ചെൎപ്പാൻ വിചാരിച്ചതെല്ലാം നിഷ്ഫ
ലമായി- എങ്കിലും ആകാശത്തിന്നു കീഴിൽ തെക്കൻ കാറ്റുകൾ ഉള്ളപ്പൊൾ അല്പം മുകളി
ൽ വടക്കൻ കാറ്റുകൾ ഉള്ളതും ആകാശത്തിന്റെ ഒഴുക്കം ഉയരത്തിന്നു തക്കവണ്ണം പലവി
ധെന മാറുന്നതും കാണുകകൊണ്ടു എതിർകാറ്റു വീശുമ്പൊൾ താഴുകയാലും ഉയരുക
യാലും അനുകൂലമായ ആകാശം അന്വെഷിക്കാം- എന്നൊരു ഉപായം വിചാരി
ച്ചതെന്തെന്നാൽ- മുമ്പെവന്തിൽ ജലവായുവെ നിറച്ചു ഉടനെ അടെക്കും പുതിയ
വായുവെ ചെൎപ്പാൻ ഇനിയും കഴിഞ്ഞില്ല- രൊഷ്യരൊ വളരെ സൂക്ഷ്മതയൊടെ ഒരുവിധ
മുള്ള രാക്കവിളക്ക വെച്ചു പന്തൊട് ഒരു കുഴൽ ചെൎത്തു അധികം കയറെണ്ടതിന്നു പ
ന്തിലെ ആകാശത്തിന്നു അധികം ചൂടു വരുത്തി- പിന്നെ ആ കുഴലിൽ പാരങ്ങളും
സൂക്ഷ്മമായി അടെയുന്ന ആണികളും യന്ത്രവിദ്യകളും ഉണ്ടു- അവകളെ തുറന്നാൽ ജ
ലവായു പുറത്തുവരും വന്ന ആവശ്യമുള്ളെടത്തൊളം താഴുകയും ചെയ്യും- ഈ
വകളെ ഇറക്കത്തിന്നും കയറത്തിന്നും പരീക്ഷിച്ചപ്പൊൾ നല്ല അനുഭവം കണ്ടു എങ്കി
ലും കാറ്റിന്റെ തള്ളലാൽ രാക്ഷപന്തൻ ജലവായുവെ കത്തിച്ചു എങ്കിൽ വി
ഷനിശ്ചയം- ജലവായു മുതലായ ചില വായുക്കളും കത്തുന്ന ആകാശഭെദങ്ങൾ ആ
കുന്നവല്ലൊ- അതുകൊണ്ടു രൊഷ്യരും സഖിയും വളരെ സന്തൊഷത്തൊടും
കൂട പുതിയ പന്തിനെ ഒരിക്കൽ കലെസിൽനിന്നു കരെറി ഇങ്ക്ലന്ത്കരയുടെ നെ
രെ ഓടി എങ്കിലും കാറ്റു പിന്നെയും പിന്നെയും മാറുകകൊണ്ടു നല്ലവണ്ണം നടന്നില്ല-
പണ്ടത്തെ കാറ്റു ഫ്രാഞ്ചിക്കരെക്ക് ഓടിച്ചപ്പൊൾ അവർ മെല്ലെ പട്ടുകരെറു
വാനുള്ള ഉപായം പ്രയൊഗിച്ചു എന്നു തൊന്നുന്നു- എന്നാറെ എത്രയും ഉയ
രത്തിൽ ഇരിക്കുമ്പൊൾ തന്നെ പന്തു കത്തി വീണു തുടങ്ങി- ശെഷിപ്പുകൾ കടപ്പു
റത്തു അതിവെഗത്തിൽ വീണെത്തിയപ്പൊൾ ഇരുവരിലും മനുഷ്യരൂപം

തിരിയ്യമാരാമ്പ്ല (൧൫൦൧. ജൂൻ. ൨൪)

അതിനാൽ ഭയം തോന്നി എങ്കിലും പലതും ആകാശനിന്ദം അശിതം ആര റിച്ചുവന്നു - അവരിൽ ഇക്കാസ്സി എന്നവൻ വന്തോട് ഒരു വിധം തോന്നിയെ ചെന്തുരെക്കട്ടി എല്ലാസ്തെരലന്ന എന്നാൽ പിന്നുക്കാരെ ഒരുമിച്ചുകാണണ്ണു തിന്ന് ആറുടകടലിൽ നിന്നു വരുന്നു കൊണ്ടിരുന്നു - ആ സമയം വെറിൽ എങ്കിലും ഉയരം നിമിത്തം അവന്റെ മഹിശിന്താൽ ഉറച്ചു പൊരിഞ്ഞുകയാൽ ഈറങ്ങുവരൻ ഇഷ്ടിച്ചു ജലവായു വെളളം പുരണ്ടു വിട്ടപ്പോൾ - വടക്കൻ കാറ്റുവന്നിട്ടും തപിച്ചുമിന്നലും ഇടിയും ചെന്നു ഒരു മേഘത്തിൽ ചാടിസമുദ്രത്തെയും താഴ്ത്തുകയും ചെയ്തു - തിരമാലകൾ അടിച്ചു വെള്ളം തോണിയിൽ വന്നിരുന്നു എങ്കിലും പറുതോണി ചെറിയതു കൊണ്ടു പൊയിരുന്നതുകൊണ്ടു നേരെ ചെന്നതിനാൽ അതിൽ കയറിയ അപായം വരാതെ ഇരിപ്പാൻ സംഗതിവന്നു

ഇങ്ങിനെ ഉപദ്രവക്കാരായ ആകാശവിരമായതിൽ ഒരു വിശിഷ്ടനായി - അവൻ അഞ്ചാറു അതികം കയറിയതിനാൽ തന്റെ മുതലാളികളും ശ്രീതത്താൽ ദ്രവിച്ചു ശേഷം ചെറിക്കൊണ്ടുവന്നു - പിന്നെ അവൻ ഉസ്ഥിമാരോടു കൂട അറിയാകടലിൽ വീണപ്പോൾ ഒരുമിൻപിടിക്കാരൻ തന്റെ തോണിയിൽ കയറിയവരെ രക്ഷിച്ചു പത്തിന്റെ കയറുകളും ചെയ്തു - ആയതുകൊടനെ പിന്നെയും കയറി ഒരു ഇക്കോട്ടയോളം വന്ന ഗോപുരത്തോടു മുട്ടി അതിൽ ഉള്ളതില്ലാദൂർ ഈ വാതിൽ തിന്നുവന്ന ദേവക്കാരാഷണങ്ങളെച്ചു എല്ലാം ഖണ്ഡം ഖണ്ഡമാക്കി രക്ഷ എന്നപോലെ മാറ്റിച്ചുവെ ണ്ടപ്പെട്ടവർക്ക വിഭാഗിച്ചുകൊടുക്കയും ചെയ്തു - ഒടുവിൽ ചമ്പക്കാരിയും മേൽപ്രകാരം കരെറി ഓരോരോ പുത്രമക്കളെ വരിക്കിച്ചു ശേഷം ബോലൊത്തെക്കിൽ പിന്നമരിക്കയും ചെയ്തു (൧൫൧൫)

കേരളപഴമ

൧൫. അൾമൈദ കണ്ണനൂർ കോട്ടയെ പണിയിച്ചതു

അൾമൈദ അഞ്ചുദ്വീപിനെ വിട്ടതെക്കോട്ട ഓടുവാൻ ഒരുപെട്ടപ്പോൾ

അവന്റെ മിലാമിയാർവാസിയിൽനിന്ന വരുന്നൊരു കപ്പൽ പൊരു
പിടിച്ചതിലുള്ള കുതിരകളെ കരെക്കിറക്കി പാർപ്പിച്ചു – പിന്നെ ദിവ
സം നൊക്കുമ്പൊൾ കുതിരകളെ കണ്ടില്ല മെൽരാവു ചതിച്ചു അവരെ ദമൊഷ്ടി
ച്ചു എന്നു കെട്ടു ക്ഷൊഭം ചെയ്തു – അതുകൊണ്ട അൾമൈദ അവനെ ശിക്ഷിപ്പാ
ൻ ഹൊനാവർ നഗരത്തെ അക്രമിച്ചു തിമ്മൊയ്യരാവെ പൊക്കി മുതലായ കടപ്പു
ക്കാരുടെ പടകുകളെ ചുട്ടു അനൊടിക്കം തീ കൊടുത്തു ഭയം നിറെ ഉപരത്തുകയും
ചെയ്തു (അക്ക..൧൨) പിന്നെ ദിവസം മെൽരാവു തിമ്മൊയ്യയെ അയച്ചു അ
ൾമൈദയൊടു ക്ഷമ ചൊദിച്ചു ഒപ്പിച്ചു പറങ്കു പൊർത്തുഗാൽ കൊടിയെ
തന്റെ കൊടിമരത്തിന്മെൽ ഇട്ടു വരപ്പിപ്പാൻ സമ്മതം വരുത്തുകയും ചെയ്തു
അനന്തരം അൾമൈദ താൻ കണ്ണനൂരിലെക്ക ഒട്ടുമ്പൊൾ ഹൊമൻ ക
പ്പിത്താനെ കൊച്ചിയിലും കൊല്ലത്തും ചെന്നു വർത്തമാനം അറിയിച്ചു ചര
ക്കുകളെ വാങ്ങിച്ചു ഇട്ടു പിന്നത്തെ നാമ്പിൽ അയച്ചു – ആയവൻ
കൊല്ലത്തുള്ള പറങ്കികൂട്ടനായകൻ സാവെകനൊരെ – ചരക്കകിട്ടുമൊ എ
ന്ന നിശ്ചയം ഇല്ലായ്കകൊണ്ടു പെരുളക കൊടുപ്പാൻ രാജാവും മാപ്പിളകാരർ ചെ
ക്കിട്ടുണ്ടല്ലൊ ഇപ്പൊഴൊ ചൊൽ അര പടകുകൾക്കു കെട്ടി കൊടുത്തു ചരക്കു
കളെ വെകാതെ കരെ ദൂവാൻ സംഗതിവരും – എന്നു കെട്ടുടനെ ഹൊമ
ൻ മിലശൂരന്മാരെ അയച്ചു എല്ലാ അറവിപടകുകളിൽനിന്നും പായും ചുക്കാ
നും വാങ്ങിച്ചു പൊർത്തുഗീസ പാണ്ടിശാലയിൽ വെപ്പിക്കയും ചെയ്തു – പിന്നെതാ
ൻ സന്തൊഷിച്ചു മടങ്ങി പൊരുമ്പൊൾ – അറവിക്കൂട്ടർ രഹദാരിക്കൂടാതെ
വരുന്നതുകണ്ടാരെ അവരെ ദമ്പിടിച്ചു ആളുകളെ കിഴിൽ ആക്കി അടെച്ചു
ഒരൊന്നിൽ മിലപറങ്കികളെ കരെർ ദി കണ്ണനൂരുകിൽ എത്തിയാറെ
തക്കപ്പലിലെ ആളുകൾ കലഹിച്ചു പറങ്കികളെ കൊന്നു കടലിൽ ചാടി അൾമൈ
ദയും ഹൊമനും കാണുകപാക്കി കൊടുത്തു ഒടി പൊകയും ചെയ്തു – അനുപിടിപ്പാ
ൻ കൂടാതെ ആയപ്പൊൾ അൾമൈദ ഹൊമനൊടു കൊപിച്ചു സമ്മാനത്തിൽ
നിന്നു താഴ്ത്തി വെക്കയും ചെയ്തു –
അൾമൈദ കണ്ണനൂരുകിൽ എത്തിയ (കൊകൊത്രി മാ) ബുധനാഴ്ച

ന്നെ പാണ്ടിശാലക്കാരനായ ബൊണ്ഞാസ വന്നു വൎത്തമാനം അറിയിച്ചു മാപ്പി
ള്ളമാരുടെ ധനപ്രാപ്തിനിമിത്തം കോലത്തിരിക്ക് ഒർ ആവലും ഉല്ലെ അവർ
ങ്ങളെ കൊല്ലുവാൻ വലപ്പൊഴും പറഞ്ഞു — അതിനാകില്ല അവർ ഒരു വെ
ട്ടാൽ തന്നെ രക്ഷിക്കയുമില്ല അതുകൊണ്ടു നമ്മുടെ സൌഖ്യത്തിന്നായും ഇങ്ങി
ക്കച്ചവടത്തിന്നായും ഇവിടെ ഒരു കോട്ട വെണം അതിന്നായി ഞാൻ ദെശത്തി
ന്റെ മൂലയായിരിക്കുന്ന ഈ മുക്കാൽ തുരുത്തിയെ നല്ലത് എന്നു കാണുന്നു രാജ
കല്പന വാങ്ങി ഒരു വലിയ പാണ്ടിശാലെക്ക അടിസ്ഥാനമിട്ടുവാൻ തുട
ങ്ങി ഇരിക്കുന്നു അത് ഇനി കോട്ടയാക്കി വളൎത്തിയാൽ കുറവില്ല എന്നു കെ
ട്ടാറെ താമസം കൂടാതെ ഈ പണി തുടങ്ങും എന്ന അൾമൈദ കല്പിച്ചു

കുറെ ദിവസം മുമ്പെ അൾമൈദ നരസിംഹരായരുടെ മന്ത്രിയെ കണ്ടു പിന്നെ
കോലത്തിരിയെ കണ്ടു — ആയതു കടപ്പുറത്തുള്ള പാലത്തിന്മെൽ തന്നെ വെളുത്തും പ
ട്ടും വിരിച്ചു വഴിക്കൽ വെല്ലുകണ്ട കാഴ്ച വെച്ചു കോട്ട കെട്ടുവാൻ സമ്മതം ചൊദി
ച്ചു മാപ്പിള്ളമാരെ അടക്കുവാൻ ഇതു തന്നെ വഴി എന്നു ബോധം വരുത്തി അ
ന്നു തന്നെ (ദക്ഷ, ൧൫൦൫) പണി തുടങ്ങുകയും ചെയ്തു — അതിന്നു രാജാവ് പണി
ക്കാരെ കൊടുത്തു അൾമൈദയും ഒരു വീരനെയും വിടാതെ എല്ലാവരെ കൊ
ണ്ടും പണി എടുപ്പിച്ചു. എട്ടു ദിവസത്തിന്നകം ശത്രുവെ തടുക്കേണ്ടതിന്ന
പാൎപ്പാൻ മാത്രം തക്ക കോട്ടയെ ഈ ദെശം കിൎത്തി സന്ത് അഞ്ചെലൊ എന്ന
പെരും വിളിച്ചു ലൊരഞ്ചു ബ്രിത്തൊ എന്ന വീരനെ ൧൫൦ം പടക്കാരൊടും യു
ദ്ധസാധനങ്ങളൊടും കൂട അവിടെ പാൎപ്പിക്കയും ചെയ്തു — അൾമൈദ (ദ്രക്ഷ
ബ്രാ) അവിടെനിന്ന് ഒടി (ഡ്രഫ) കൊച്ചിക്ക ചെല്ലുകയും ചെയ്തു



പണ്ടത്തെ
കണ്ണനൂർ കൊട്ട

F. Müller. Editor.

നമ്പ്ര ഒന്നിന്ന — പശ്ചിമൊദയം — ൧ കൊല്ലത്തിൽ

൨-ാം നമ്പ്ര — തലശ്ശെരി — ൧൮൪൮ ഫിബ്രുവരി

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൯. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും

൧. പശ്ചിമമലയും കാവെരികൃഷ്ണാദിനദിപ്രദെശങ്ങളും

ദക്ഷിണഖണ്ഡത്തിലെ ഉയൎന്നഭൂമിയുടെ തെക്കെ അതിർ നീലഗിരി തന്നെ അന്നമുതൽ പവരങ്ങളുമല്ലാത്ത ഗിരിസഞ്ചയത്തിൽനിന്ന വടക്കപടിഞ്ഞാറും വടക്കുകിഴക്കുമായിട്ട നീണ്ടുകിടക്കുന്ന സഹ്യാദ്രി പശ്ചിമമല എന്ന രണ്ടു മലകൾ ഉയൎന്ന ദെശത്തിന്ന പടിഞ്ഞാറും കിഴക്കും അതിരുകളായിരിക്കുന്നു അതിൽ വിവരിച്ചുവരെണ്ടതു വടക്കുകിഴക്കൊട്ടു നീണ്ടുനില്ക്കുന്ന പശ്ചിമമല തന്നെ- തപതിനദിമുതൽ നീലഗിരിയൊളം ഒരു ഭെദം കൂടാതെ തെക്കൊട്ടു കിടക്കുന്ന സഹ്യാദ്രി എന്ന തുടൎമ്മലയുടെ അവസ്ഥ പശ്ചിമമലക്കു കാണുന്നില്ല അതു നീലഗിരിമുതൽ വടക്കൊട്ടു ഒറിസ്സാ അമരഖണ്ഡം മുതലായ ദെശങ്ങളൊടും വ്യാപിച്ചു നില്ക്കുന്നു എങ്കിലും കാവെരി കൃഷ്ണ മുതലായ നദികൾ കിഴക്കൊട്ടു ബങ്കാളസമുദ്രത്തൊടു ചെരെണ്ടതിന്നു ആ മലകളിൽകൂടി ഒഴുകുന്നതുകൊണ്ടു അതിന്റെ ചെഞ്ചു പലദിക്കുകളിലും വിട്ടുപൊയിരിക്കുന്നു ആയതുകൊണ്ടു അതിന്നു തുടൎമ്മല എന്ന പെർ വരുന്നില്ല അതു പലെടത്തും ൧-൨ മിറിയായിട്ടു വടക്കൊട്ടു ചെന്നും മറ്റെ സ്ഥലങ്ങളിൽ ഗിരിസഞ്ചയത്തിന്റെ ഭാവം ധരിച്ചും മറ്റു ചിലദിക്കിൽ കുന്നുപ്രദെശത്തിന്റെ ആകൃതി ത്തുന്നും വരുന്നില്ലന്ന പ്രകാരം കാണുന്നു അതിന്റെ ഉയരത്തിലും വളരെ ഭെദം ഉണ്ടു ചെലം പട്ടണസമീപമുള്ള മലകൾ ൫൦൦൦ കാലടിയൊളവും പെണ്ണയാറു പെണ്ണാറു എന്ന രണ്ടു നദികളുടെ നടുവിലുള്ള തുടൎമ്മല ൩൦൦൦ കാലടിയൊളവും ഉയൎന്നുകിടക്കുന്നു വടക്കൊട്ടു ചെല്ലുന്നതിൽ അതിന്റെ ഉയരവും വീതിയും കുറഞ്ഞുകാണുന്നു - നീലഗിരി തുടങ്ങി ഒറിസ്സാവരെക്കും മലകൾ ൩൦൦-൨൦൦-൧൦൦ കാ

ം വഴിദൂരം നാഴികള സമുദ്രപൎയ്യന്തമായി അകന്നു വടക്കൊട്ടു വ്യാപിച്ചിരിക്കകൊണ്ടു കി
ഴക്കെ കടപ്പുറത്തുള്ള താണ ഭൂമി പടിഞ്ഞാറെ കര പ്രദെശത്തെക്കാൾ വിസ്താരം എറി
യതാകുന്നതിനാൽ കിഴക്കൊട്ടൊഴുകുന്ന നദികളിൽ കാവെരി-കൃഷ്ണ-ഗൊദാവരി എന്നിതു
സഹ്യാദ്രിയിൽനിന്നുത്ഭവിച്ചൊഴുകുന്ന നാട്ടുകളിൽ അനെക നദികൾ ചെൎന്നതി
കയാൽ വെള്ളം പെരുകിയവയാകുന്നു. ശെഷം പെണ്ണയാറു-പാലാറു-വൈ
നാറു ഇത്യാദി പുഴകൾ എറെ ദൂരമില്ലാത്ത പൎവ്വതങ്ങളിൽനിന്നാകകൊ
ണ്ടു വെള്ളം കുറഞ്ഞവയായി സമുദ്രത്തിൽ ചെരുന്നു. ഇപ്പറഞ്ഞ നദിപ്രദെശ
ങ്ങളെ വെവ്വെറെ വിവരിക്കുന്നു

൧. കാവെരി നദി ഒഴുകുന്ന നാട്ടുകൾ

കാവെരിപ്പുഴ കുടകുനാട്ടിലെ എകദെശം ൪൦൦൦ കാലടി ഉയരമുള്ള ബ്രഹ്മഗിരിയി
ൽനിന്നുത്ഭവിച്ചു മലനാട്ടുകൂടെ കിഴക്കൊട്ടൊഴുകി വടക്കെ മലകളിൽനിന്നു ഹെമവതി
... എന്നീ രണ്ടു പുഴകളും തെക്കുനിന്നു ലക്ഷ്മണതീൎത്ഥ നദിയും വന്നതിൽ ചെരു
കകൊണ്ടു മലപ്രദെശം വിട്ടു വെള്ളം പെരുകിയ നദിയായി മൈസൂർ എന്നുയ
ൎന്ന സമഭൂമിയിൽ കൂടി കിഴക്കൊട്ടു ചെന്നു വയനാട്ടിൽനിന്നുത്ഭവിച്ചു
വരുന്ന കബിനിപ്പുഴയെ കൈക്കൊണ്ടു ശെഷം കിഴക്കൊട്ടെക്കായി പല വലിയ
വഴികളിൽകൂടി പ്രവഹിച്ചു ചട്ടിക്കല്ലു കൊട്ടു സമീപത്തിങ്കൽ പശ്ചിമമലയുടെ
ശാഖകളിൽ പ്രവെശിച്ചുവരുന്നു—

കുടക ദെശം മലനാടാകകൊണ്ടു കാവെരി ഒഴുകുന്ന ഭൂമിയിലും കാടത്രെ. ആ
പുഴ വെള്ളം കിഴക്കൊട്ടു ... നാട്ടുകാൎക്കു അധികം ഉപകാ
രമായി വരുന്നില്ല. മലകളിൽനിന്നു പുറപ്പെട്ടു സമഭൂമിയിൽ പ്രവെശിക്കുന്നതു
മുതൽ ... വലിയ കൃഷികൾക്കും വെണ്ടുന്ന വെള്ളം കിട്ടെണ്ടതിന്നു അനെ
ക തൊടുകളും അണകളും മറ്റും ഉണ്ടാക്കി പുഴയുടെ രണ്ടു കരകളിലും കൂടി വെള്ളം കൊ
ണ്ടുവരുന്നു. ഈ ഉൾദെശത്തു പുഴവക്കത്തുള്ള നഗരങ്ങളിൽ പ്രധാനമായതു
ശ്രീരംഗപട്ടണം. അതു കാവെരിയിലെ ഒരു ദ്വീപിന്മേൽ കിടക്കുന്നു. ഹൈ
ദരാലി ടിപ്പു സുല്ത്താൻ എന്നിവരും ആ പട്ടണം രാജധാനിയാക്കി വാണിരുന്നതു.
അവരുടെ കാലത്തിൽ എകദെശം ഒരു ലക്ഷം നിവാസികൾ അതിൽ ഉണ്ടായിരുന്നു

അവരുടെ കൈവശം മുതല്‍ പട്ടണവും ഗുരുവായൂര്‍ക്ഷെത്രത്തില്‍ വസിക്കുന്നവര്‍ കൂടക്കൂ
ടപതിമൂന്നലായതിനാല്‍ വരികയാല്‍ അനെകര്‍ പട്ടണം വിട്ടുപൊയിരിക്കുന്നു ഉമ്മാ
ഴത്തില്‍ വസിക്കുന്നവരുടെ സംഖ്യ ഇരുപതിനായിരത്തില്‍ അധികം ഇപ്പൊള്‍ അതി
ന്നു ഒന്നില്‍ ഒന്നു കുറവായിരിക്കുന്നു ഇപ്പട്ടണം അനെകമലയാളികളും ശെവ
കരായി പാര്‍ത്തിരിക്കുന്നു ഇപ്പൊള്‍ പറ്റിയ പല്ലവിച്ചുശെഷം മുതല്‍ അനാ
ജനങ്ങള്‍ വായിപ്പാനും അച്ചടിച്ച പുസ്തകങ്ങള്‍ ഹിംസ്ഥാനത്തില്‍നിന്നു അല്പം കാല
ത്തിന്നകം കൊട്ടയുടെ മതില്‍ പട്ടണത്തെ

കാവെരിനദിയില്‍നിന്നു വടക്കൊട്ടു പശ്ചിമമലയുടെ പടിഞ്ഞാറെ ഭാഗ
ത്തുകൂടെ സമീപത്തുള്ള ബെക്കൂര്‍കൊട്ടയിലാണ്ടിക്കൊക്ക വസിപ്പാന്‍ ഉചിത
ഭൂമിയാകയാല്‍ ഇക്കിരിവട്ടാളുകളുടെ മുഖ്യവാസസ്ഥലമായിരിക്കുന്നു - മധുരനദി
വടക്കിനിന്നു വന്നു ചട്ടിക്കല്ലുകൊട്ടസമീപത്തുവെച്ചു ഒക്കതൊണ്ടുകാവെരിക്ക
നുനാഴികദൂരം ഒരു ദെശം കൊലട്ടിയപ്പുഴയുടെ അരികെ ഒന്നരമൈല്‍ നീളം
ഉള്ള വെള്ളം ഉള്ളൊരു പാറകള്‍ നിറഞ്ഞു പുഴയൊടു കൂടിയൊഴുകി വ
ന്ന മലയരുടെ പാറകളില്‍നിന്നു ഒഴുകി വരുന്നു കൂടാതെ ദെശം മുതല്‍
കാലട്ടിപ്പുഴ അവിടെ ഒഴുകുന്ന ഗുരുവായൂര്‍ വരെയും ഒന്നായി
ചെര്‍ന്നു വരുന്ന പാറകളിലും വിളവില്ലാത്ത പാറകളിലും കൂടി പ്രവഹിച്ചു ഭവാ
നിപ്പുഴയൊടു ചെര്‍ന്നുള്ള ഭൂമിയില്‍ കിഴക്കൊട്ടു ദെശത്തില്‍ പ്രവെശിച്ചു വ
രുന്നു

ആ മലപ്രദെശത്തില്‍ ചട്ടിക്കല്ലുകൊട്ട മുതല്‍ ഭവാനികൂടല്‍ വരെ ഉള്ള സ്ഥല
ത്തെയും വിശെഷങ്ങളെയും കാണിപ്പിക്കുന്നതിനായി കാവെരിപുരം മു
തലായ സ്ഥലങ്ങളില്‍ ലമ്പാണികള്‍ താണദെശത്തില്‍നിന്നു കൊണ്ടുവരുന്ന
ചരക്കുകളില്‍ അല്പം ഒരു കച്ചവടം നടന്നുവരുന്നു മെല്‍പറഞ്ഞ പാറകള്‍ ഒന്നില്‍
പണ്ടു ഒരു നഗരത്തിന്റെ പല ശെഷിപ്പുകളെയും ഒരു പൊയ ക്ഷെത്ര
വിശെഷങ്ങളെയും കാണാം ആ മലകളുടെ ഉയരം ചിലതിന്നു ൫൦൦൦ ചി
ലതിന്നു ൪൦൦൦ കാലടി തന്നെ

ഭവാനികൂടല്‍ മുതല്‍ ഈ രണ്ടു കൊട്ടകളുടെ നടുവില്‍ കാവെരി

വരുമ്പൊഴുകൾ വടക്കുനിന്നും തെക്കുനിന്നും വന്നുചെരുകകൊണ്ടു താന്നനാട്ടുടെകിഴക്കൊട്ടൊഴുകുന്നതിൽ ബഹുവിസ്താരമുള്ള നദിയായിതീൎന്നിരിക്കുന്നു - തൃച്ചിരാപ്പള്ളി ബങ്കാള സമുദ്രം എന്നിരണ്ടിന്റെ നടുവിൽ കാവെരി അനെകശാഖകളായി പിരിഞ്ഞൊഴുകുക കൊണ്ടു അതിന്റെ വെള്ളം സമുദ്രത്തിൽ എത്തും മുമ്പെ കൃഷിസ്ഥലങ്ങളിലും മറ്റും മിക്കവാറും ചിലവായിപൊകുന്നു ഇങ്ങനെ കാവെരിക്കു നിമിത്തം വടക്കെ ദെവികൊട്ട മുതൽ തെക്കെ കള്ളിമെട തലയൊളം ഉള്ള കടപ്പുറവും ചൊഴമണ്ഡലഭൂമി മിക്കതും പട്ടണങ്ങൾ ഗ്രാമങ്ങൾ എന്നിവനിറഞ്ഞൊരുവലിയ തൊട്ടത്തിന്റെ ഭാവം ധരിച്ചു കിടക്കുന്നു ആയതകൊണ്ടു ആ നാട്ടിൽ ക്ഷാമം എന്നുള്ളതു അത്യല്പം തന്നെ അത്രയുമല്ലാതെ നാട്ടുകാർ ധാന്യങ്ങളെ പുറനാട്ടുകളിലെക്ക കൊണ്ടുപൊയി കച്ചവടം ചെയ്തുവരുന്നു

കാവെരിക്കൈകൾ സമുദ്രത്തിൽ കൂടുന്ന ഭൂമിയിലെ വിശെഷനഗരങ്ങൾ - കള്ളിമെട - നാഗപട്ടണം - നാഗൂർ - കാരിക്കാൽ - തരങ്കമ്പാടി - ദെവികൊട്ട - ചിതംബരം - പൊൎത്തനൊവൊ എന്നിവ തന്നെ ഈ സ്ഥലങ്ങളിൽനിന്നു പടിഞ്ഞാറൊട്ടു പുഴവക്കത്തു തന്നെ കുംഭകൊണം - തഞ്ചാവൂർ - തൃച്ചിരാപ്പള്ളി എന്നീ മൂന്നു പ്രധാനപട്ടണങ്ങളായിരിക്കുന്നതു തഞ്ചാവൂരിൽനിന്നു തെക്കുപടിഞ്ഞാറൊട്ടു തൊണ്ടിമാന രാജധാനിയായ പുതുക്കൊട്ട ആ ഭൂമിയിൽ തന്നെ കിടക്കുന്നു - ഭവാനിക്കൂടലിൽ നിന്നു വടക്കൊട്ടു ചെലംപട്ടണവും തെക്കൊട്ടു പുഴവക്കത്തു തന്നെ കരൂർ നഗരവും ഇരിക്കും

൧൭ാം നൂറാണ്ടിൽ മരാട്ടിജാതികളും മറ്റും കിഴക്കൊട്ടും തെക്കൊട്ടും പുറപ്പെട്ടു വലുതായ ബലവും കഴിച്ചു ഒരൊ ദെശങ്ങളെയും സ്വാധീനമാക്കിയപ്പൊൾ പശ്ചിമമലയിൽനിന്നു കിഴക്കൊട്ടു കാവെരി ഒഴുകുന്ന ചൊഴമണ്ഡലം മിക്കതും അവരുടെ കൈവശമായിതീൎന്നു പല മത്സരങ്ങളും യുദ്ധങ്ങളും നടന്ന ശെഷം മറ്റെ ദെശമെല്ലാം ഇങ്ക്ലീഷ്കാരുടെ അധികാരത്തിലുൾപ്പെട്ടുവന്നു - തഞ്ചാവൂർ രാജാവിനു അവർ രാജനാമവും രാജധാനിയും ചില കൊവിലകങ്ങളും മാത്രം സമ്മതിച്ചുകൊടുത്തതെയുള്ളു - ൧൭൦൦. ചിലപാനം വൎഷം മുമ്പെ ഫിലാത്തിയിൽനിന്നു പാതിരിമാർ വന്നു തരങ്കമ്പാടി - തഞ്ചാവൂർ മുതലായ സ്ഥലങ്ങളിൽ വസിച്ചു വല

ഴുത്തുവള്ളികളെയും ഉണ്ടാക്കി കുട്ടികളെ അഭ്യസിപ്പിച്ചു ഈ വിശെഷം അറി
ഞ്ഞു ക്രമത്താലെ പലരെയും ക്രിസ്ത്യാനരാക്കി സഭയൊടു ചെൎത്തു രാജാവി
ന്റെ മമതയും പ്രാപിച്ചു എങ്കിലും ഈ സമയക്കാരെന്നും രാജ്യം മിക്കവാറും ശെഷ
ത്രുംനിറഞ്ഞ ഭൂമിയായി മിത്രമാത്സൎയ്യത്തിൽ ഉൾപ്പെട്ടുകിടക്കുന്ന പതിനെ
ണ്ണായിരം ആളുകൾ ക്രിസ്ത്യാനരായി വന്നിട്ടും സത്യവാചാരത്തിൽ നടക്കുന്നവർ
ചുരുക്കം തന്നെ ലൌകികഭൊഗമൊഹാദികൾ വൎദ്ധിച്ചു അവരുടെ നാട്ടിൽ ഇന്നും സ
ത്യം തെളിഞ്ഞു വാഴാതെ കൊണ്ടിരിക്കുന്നു—

ആകാശനിദാനം (തിൎച്ച)

മെൽ പ്രകാരം വലരും ഒരൊരൊ വസ്തുക്കളിൽ കയറി വരുന്ന വിശെഷങ്ങൾ അനെ
കം ഉണ്ടു—കാറ്റും ആവരണവും നല്ലക്രമത്തിൽ ആയി വന്നില്ലെന്നും—കാറ്റെറൊട്ട
തിട്ടാൻ ഒരു വഴിയും അറിയുന്നില്ല ഇറങ്ങുകയായാലും കയറുകയായാലും മീതലും
കീഴിലും ഉള്ള കാറ്റുകളെ പരിശീലിക്കുമാറെ ഉള്ളു—നല്ല കാറ്റുകളിൽ ഒരു
നാഴികെക്കകം എട്ടും പത്തും കാതം വഴി ദൂരെ പറക്കും—പറക്കയാകുന്നത് ഒരു മാത്രയി
ലകം ൧൦ അടി ഉയരത്തൊളം വെള്ളുന്ന വെഗത്തൊടെ തന്നെ—മെഘങ്ങളിൽ
കയറിയാൽ അവറ്റൊടു വീഴുന്നപ്രകാരം തൊന്നും—കയറും തൊറും ശീതം അ
ധികം ഉണ്ടാകും ആകാശവും സ്ഥൂലതകുറഞ്ഞു ശ്വാസം കഴിപ്പാൻ പൊലും ഒരു
ദെശം പൊരാതെ ആകും—നന്ന ഉയൎന്നു പൊയാൽ അല്പം മാത്രം ഇരിക്കിലും ഉട
നെ ശരീരം വിയൎക്കും—പുറത്തുള്ള ആകാശത്തിന്റെ അമൎച്ചകുറവും തൊറും ശരീ
രത്തിൽ ഒഴുകുന്ന രക്തം പൊങ്ങി പൊങ്ങി കണ്ണു മൂക്ക വായി ചെവികളിൽനിന്നു
ഇറ്റിറ്റു പുറപ്പെട്ടു അതിനാൽ മുഖം വീൎത്തും കറുത്തും കാണും—വെടി വെച്ചാ
ൽ ധ്വനി നല്ലവണ്ണം കെൾക്കാതെയും ചെവിക്ക് അധികം വെദനപ്പെട്ടും കാണും—
പ്രാവു മുതലായ പക്ഷികളെ മീതലെക്കു കൂട്ടിക്കൊണ്ടുപൊയാൽ തത്രപ്പാട്ടും
മാന്ദ്യം പൊലെയും കാണിക്കും പുറത്തു ചാടിയാൽ അവ ഒട്ടും പറക്കാതെ വീണു
വീഴും ആകാശത്തിന്ന സ്ഥൂലത്വം മതിയാകാത്തതിനാൽ ആണ്ടിതൊളം താണുപൊകും—
മെൽപെട്ടു നൊക്കിയാൽ നക്ഷത്രങ്ങളെ മങ്ങിച്ചും ആകാശം നീലവൎണ്ണമായും അല്ല

കണ്ണുനൊവുമാറു കത്തുമ്പൊൾ ആകാശത്തിൽനിന്നു സൂൎയ്യപ്രകാശംപൊലെ വിളങ്ങി
അനന്തരം പെരുകുന്നു — താഴൊട്ടു നൊക്കിയാൽ കാറില്ലാത്ത സമയത്തു ദൃഷ്ടി
ലെമങ്ങും തെളിഞ്ഞ പ്രകാശവും ഹെതുവായിട്ടു ഉദയംപൊലെ പ്രത്യക്ഷമായി കാണുന്നു
ള്ളു –

ഫ്രാഞ്ചിവീരന്മാർ(൧൮൭൦)ൽ ജൎമ്മനരൊടു പടവെട്ടുന്ന സമയം ചിലർ പൊ
ൎക്കളത്തിൽനിന്നു ശത്രുവിനെ അടുപ്പംകാണ്മാൻ ദീപക്കിരണങ്ങളെ തെളിച്ചു ഉറപ്പിച്ചു
ശത്രുവാളുകളെ തെരുവെ നൊക്കി കുഴൽകൊണ്ടു കണ്ടതെല്ലാം വീട്ടുകളിൽ കണ്ടു
തിരം ലക്ഷ്യങ്ങൾ കെട്ടിവീട്ടുകളുടെ പടനായകന്മാൎക്കു അറിയിക്കുമായിരുന്നു — വി
ന്നെ ഒരു പടനാളിൽ അപ്രകാരം ചെയ്യുമ്പൊൾ മാറ്റാന്മാർ ൧൨ വലിയതൊക്കു
കൾ തിരിച്ചുവെച്ചു വെടിവെച്ചിട്ടും ഫലം ഒന്നും ഉണ്ടായില്ല — അതിനെ
ഉന്നം വെച്ചതിൽ ഏറ്റവും ദൂരത്തുനിന്നാൽ ൧൦ കൊൽ മീതെ ഉള്ള ഒരു ദീ
പ്തിയെ സങ്കല്പിച്ചിട്ടു — ഒന്നിനും ഒരു പൊറായ്കകൊണ്ടു അവരുടെ ഉള്ളിൽ വ
ന്നെങ്കിൽ കടമറിയാതെ മുറിച്ചു കുഴഞ്ഞു വീഴും — തലതിരിച്ചൽ ഇല്ലാതെ നടന്നിട്ടു
ള്ളകൊണ്ടു അവൎക്കു ആ ദീപ്തിയുടെ ഉള്ളിൽ ഇരുന്ന ൧൦൦൦ അടി ഉയരത്തിൽനിന്നും സൂ
ൎയ്യനെ ഉദയംപൊലെ കണ്ടുവെന്നു തൊന്നും ആകട രണ്ടു മൂന്നു പൊങ്ങുകയാൽ ആ തെ
ളിഞ്ഞ അന്ധകാരം വരാതിരിപ്പാൻ പ്രത്യെകം സൂക്ഷിക്കെണം —

ഈ ഒപ്പമുള്ളതിൽ ജലവായുവെന്നും കല്ക്കരികൊണ്ടുണ്ടാക്കുന്ന അംഗാര
കവായുവെന്നും രണ്ടുവകയുണ്ട് — ഇതിൽ രണ്ടാമത്തെ അധികം ഉണ്ടെങ്കിലും വി
ലയിൽ ഏറ്റവും ചുരുങ്ങിയതു — കാരണം വിലാത്തിയിലെ വീട്ടുക
ളിലും തെരുക്കളിലും എണ്ണകൊണ്ടല്ല ആ കല്ക്കരിവായുവെ കൊണ്ടുരാത്രിയി
ൽ വിളക്കു കത്തിക്കുന്നു — അതിനു തിരിയും വെണ്ടാ ആ വായുവെ വലുതായി
ട്ടുള്ള ഗ്രഹങ്ങളിൽ അടെച്ചുവെച്ചു കുഴലുകളെ വെച്ചു എല്ലാ വീഥികളിലും ഭ
വനങ്ങളിലും നടത്തുന്നു ന്യായം — കുഴലിന്റെ അറ്റത്തിൽ തിരിച്ചു ദ്വാരം തൊട്ടി
ഞെക്കുമ്പൊൾ വായു ഉടനെ കത്തും — അതുകൊണ്ടു ഒരുവൻ തിരിച്ചു
ൻ മതിയായ വായു വിലാത്തിയിൽ താമസക്കാരനു ഇട്ടുമാറുന്നു.

ഈ സംവത്സരത്തിൽ ബങ്കാളനഗരമായ കല്ക്കാത്തയിലും ഒരു വെളുക്കാര

ൻ വന്നുവരുത്തികം [illegible] ഒട്ടുകൾ വല്ലതുമുണ്ടു. അപ്രകാരം ചെയ്യുവ
തിനു തക്കവണ്ണം [illegible]

[illegible]

[illegible] മന്ത്രി

അപ്പോൾ [illegible] മന്ത്രിയും അ
വനെ [illegible]
[illegible] മന്ത്രി
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] മംഗലപുരം മുതലാ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] രാജാവ്

മരിച്ചാൽ ൩൦൦൦ ഓളം ഭാൎയ്യമാരും കന്യകമാരും ഉടനെ തീയിൽ മരിക്കും. പുരുഷന്മാരും അപ്രകാരം വെട്ടി മരിച്ചു സ്വാമിയെ അനുഗമിക്കും — അതുകൊണ്ടു എല്ലാവൎക്കും യുദ്ധാഭ്യാസത്തിന്നു വളരെ ഉത്സാഹം ഉണ്ടു മുസല്മാനരോടുള്ള പടകളിൽ പലപ്പോൾ നാലും അഞ്ചും ലക്ഷം പുരുഷാരം ചേരും.

രാജ്യം അതു നാടായിട്ടു ഉത്തരവട്ടത്തോടു ഉള്ള നാടു പിന്നെ സഹ്യപൎവ്വതത്തിന്നു കിഴക്കു ദക്ഷിണവും കൎണ്ണാടകവും പൂൎവ്വസമുദ്രതീരത്തു തെലുങ്കും ചോഴമണ്ഡലവും എന്നിവ ആകുന്നത്രെ — രാജധാനിയായ വിജയനഗരം തുംഗഭദ്രാതീരത്തു തന്നെ മദ്ധ്യകരയിൽ ആനഗുന്തിക്കു വിരൂപാക്ഷീശ്വര മല്ലികാൎജ്ജുന മുതലായ മഹാക്ഷേത്രങ്ങളും [illegible] കനകങ്ങളും രാജഗൃഹങ്ങളും ശോഭനമായി കാണുന്നു — നഗരത്തിലെ ചുറ്റും നാൾതെരുവും ൩൨൦൦ വരാഹൻ പിരിവു — ൫൦൦ ആനെക്കു തിന്മാൻ കതിർ കൽവത്തി ഉണ്ടു — കുതിരകൾ അന്നു ഏകദേശം ൫൦൦൦൦ അതിൽ ഒരൊന്നിന്നു ൫൦൦ഉം ൬൦൦ഉം വരാഹൻ വിലയും ഉണ്ടു — പട്ടണത്തിന്റെ ഉല്പത്തി ഏകദേശം കൊല്ലം ൫൦൦ (ക്രി. ൧൩൨൫) ഒന്നാം രാജാവു കുറുമ്പജാതിക്കാരനായ ബൊക്ക (ബുക്ക) രായർ — അവന്റെ പുത്രൻ ഹരിഹരരായർ. പിന്നെ ദേവരായർ കെരളാദി രാജാക്കന്മാരെ ജയിച്ചു കപ്പം വാങ്ങി — പിന്നെ ധളവാസ്ഥാനങ്ങളെ അധികം കെല്ക്കുന്നരാജത്തടെ അധികാരത്തിന്നു താഴ്ചവന്നു — ശേഷം മല്ലികാൎജ്ജുന രായർ വിരൂപാക്ഷരായർ സദാശിവ മഹാരായർ — ഇമ്മടി തിമ്മരായർ — പിന്നെ തുളുജാതിയിൽ ഉണ്ടായി ചില നരസിംഹ വീരനരസിംഹാസനം കയറി പലദിക്കിലും ജയിച്ചു രാജ്യപരമേശ്വര രായ മഹാരായർ എന്ന പെർകൊണ്ടു കീൎത്തിതനായി — അവന്റെ പുത്രന്മാരിൽ ഒന്നാമൻ വീരനരസിംഹരായർ തന്നെ അവൻ (൧൫൦൯ — ൧൫൩൦ ക്രി.) രാജ്യം രക്ഷിച്ചു പറങ്കികളോടു മമത ചെയ്വാൻ തുടങ്ങി — പിന്നെ അനുജനായ കൃഷ്ണരായർ അപ്പാജി മന്ത്രിയുടെ കൌശലത്താൽ ജ്യേഷ്ഠനെ പിഴുക്കി (൧൫൦൯ — ൧൫൩൦) വാണു പല രാജാക്കന്മാരെയും തെറ്റി മുസല്മാൻ പട്ടാണികളെ നശിപ്പിച്ചിട്ടു തിരുമല മഹാക്ഷേത്രങ്ങളിൽ ഭൂഖദാനങ്ങളെ ശിലാശാസനങ്ങളോടും കൂടെ കൊടുത്തു കിസ്ത്യാനരിലും പ്രസാദം കാട്ടി വാഴുകയും ചെയ്തു

F. Müller. Editor.

നമ്പ്ര ഒന്നിന്ന

൯. നമ്പ്ര

പശ്ചിമോദയം

൧ ചെമ്പുവില

തലശ്ശെരി

൧൮൪൯ മാൎച്ച

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൮. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും —

൨. പവിഴമലയും കാവെരികൃഷ്ണാദിനദിപ്രദെശങ്ങളും —

൧. പെണ്ണയാറു പാലാറു പെന്നാറു എന്നിമ്മൂന്നനദികൾ ഒഴുകുന്ന ദെശങ്ങളുടെ അവസ്ഥ —

ഈ മൂന്നു പുഴകളുടെ ഉറവുകൾ ദക്ഷിണഖണ്ഡത്തിലെ ഉയൎന്ന ഭൂമിയുടെ കിഴക്കെ അറ്റത്ത പവിഴമലയുടെ പടിഞ്ഞാറെ ശാഖയിൽ നന്ദിദുൎഗ്ഗം മുതലായ കൊട്ടകളുടെ സമീപത്തിൽ നിന്നു തന്നെ ആകുന്നു അവിടെനിന്ന പെണ്ണയാറു കിഴക്കെ തെക്കൊട്ട ഉസ്സൂർ — രായക്കൊട്ട — കൃഷ്ണഗിരികൊട്ടയും മറ്റും കടന്ന ബാറമഹൽ എന്ന മലനാട്ടിൽ വെച്ചു പവിഴമലയിലെ കണ്ടിവായിൽ കൂടി ഉയൎന്ന ദെശത്തിൽ നിന്ന പ്രവഹിച്ചു പിന്നെ കിഴക്കൊട്ടു താണനാട്ടൂടെ ചെന്ന കൂടല്ലൂർ — പുതുച്ചെരി ഈ രണ്ടു പട്ടണങ്ങളുടെ നടുവിൽ കൂടി ബങ്കാളസമുദ്രത്തിൽ ചെന്നു കൊണ്ടിരിക്കുന്നു —

പെണ്ണയാറു ഒഴുകുന്ന മലപ്രദെശത്തിൽ വളരെ പല ഉറപ്പുള്ള കൊട്ടകൾ ഉണ്ടായിരുന്നു ഹൈദരാലി അവിടെനിന്ന പുറപ്പെട്ടു എങ്ങും ജയിച്ചു ഒരൊന്നു പിടിച്ചു അടക്കി നശിപ്പിച്ചതിനാൽ ഇപ്പൊൾ നന്ദിദുൎഗ്ഗം കൃഷ്ണഗിരി മുതലായ ചില കൊട്ടകൾ മാത്രം അല്പം ഒരു ഉറപ്പു ശെഷിച്ചിരിക്കുന്നു — മദ്രാസിൽ നിന്നു സൈന്യങ്ങളൊട്ടു കൂട പുറപ്പെട്ടു മയിസ്സൂർ രാജ്യത്തിൽ പ്രവെശിപ്പാൻ രായക്കൊട്ട ഉറപ്പുള്ള വാതിൽ ആയിരുന്നു സമമായി മലമുകളിൽ കിടന്നതിനാൽ ഇങ്ക്ലിഷ്കാർ ൧൭൯൧ ാമതിൽ അതിനെ പിടിച്ചു തകൎത്തു കളഞ്ഞു —

പെണ്ണയാറു ഒഴുകുന്ന താണനാട്ടിൽ വിശെഷ പട്ടണങ്ങൾ ഇല്ല കൃഷിക്കാരായ നിവാസികൾ പാൎക്കുന്ന ഊരുകൾ പലരെ ഉണ്ടുതാനും മദ്രാസ — ആൎക്കാട്ട മുതലായ പട്ടണങ്ങളിൽ നിന്നു തെക്കൊട്ടു ചെലത്ത പൊകുന്ന വഴി അരികെ മലസമീപത്ത തന്നെ തിരുപ്പത്തൂർ — മത്തൂർ ഊരുമത്തൂർ — ധാരമ്പുരി — അടവക്കൊട്ട — ഹൊമല്ലൂർ മുതലായ ഗ്രാമങ്ങൾ ശൊഭി

ച്ചുകിടക്കുന്നു- പുഴ സമുദ്രത്തിൽ ക്കൂടുന്ന കരയിൽ- ക്കുടല്ലൂർ- പുതുച്ചേരി എന്നിരണ്ടു പട്ടണങ്ങൾ പ്രധാനം മുമ്പെ ഇങ്ക്ലിഷ്കാരും പ്രഞ്ചിക്കാരുമായി യുദ്ധം ചെയ്ക സമയം മദ്രാസ പ്രഞ്ചിക്കാരുടെ കൈവശമായപ്പോൾ ക്കുടല്ലൂർ ഇങ്ക്ലിഷ്കാരുടെ പ്രധാന പട്ടണമായിരുന്നു ഒടുവിൽ അവൎക്ക ആധിക്യം വന്നാറെ അവർ മദ്രാസിൽ മടങ്ങിപ്പൊകകൊണ്ടു ക്കുടല്ലൂർ പട്ടണത്തിന്റെ മഹാത്മ്യവും ക്ഷയിച്ചുപൊയി- പുതുച്ചേരി പട്ടണം ഇന്നാൾവരെയും പ്രഞ്ചിക്കാരുടെ കൈവശത്തിൽ ഇരിക്കുന്നു അതിലെ നിവാസികൾ മിക്കവാറും ഫിലാത്തിക്കാരും അവരുടെ സന്തതികളും ആകകൊണ്ടു പട്ടണത്തിന്നു വിലാത്തി നഗരങ്ങളുടെ ചെൽ ഉണ്ടു പണ്ടെത്ത ശോഭ ഇല്ല താനും നിവാസികളുടെ സംഖ്യ ൫൦൦൦൦ ആയിരിക്കും അവരുടെ മുഖ്യപ്രവൃത്തി ഒരൊ കൈത്തൊഴിലുകളും അല്പം കച്ചവടവും തന്നെ ആകുന്നു—

പാലാറു മയിസൂർ രാജ്യത്തിന്റെ കിഴക്കെ അംശത്തിലെ നന്ദിദുൎഗ്ഗ ദെശത്തിൽ ഉത്ഭവിച്ചു തെക്കൊട്ടൊഴുകി ഹൈദരാലിയുടെ ജനനനഗരമായ കൊലാറെ കടന്നു അമ്പൂർ സമീപത്തവെച്ചു മലകളെ വിട്ടു കിഴക്കൊട്ടു പ്രവിച്ചു താണ ദെശത്തിരിക്കുന്ന കുടിയാത്ത- പള്ളികൊണ്ട- വെല്ലൂർ- ആൎക്കാടു മുതലായ സ്ഥലങ്ങളെ കടന്നു ചതുരംഗപട്ടണത്തിലെത്തി ബങ്കാള സമുദ്രത്തിൽ ചെന്നു വരുന്നു- ഈ പുഴ ഒഴുകുന്ന മലനാട്ടിൽ ഹൈദരാലി പല യുദ്ധവും നാശവും വരുത്തിയതകൊണ്ടു ജനങ്ങൾ എറ വസിക്കുന്നില്ല അതിന്നു കിഴക്കുള്ള താണ ദെശം ജനങ്ങൾ നിറഞ്ഞ ഭൂമി തന്നെ ആകുന്നു ആൎക്കാടു നാട്ടിൽ മാത്രം ൧൦൫൨ ഊരുകൾ ഉണ്ടെന്നു കെൾക്കുന്നു നിവാസികൾ പല ചിറകളെയും കുളങ്ങളെയും കുഴിച്ചുണ്ടാക്കിയും ഒരൊ കൈത്തൊടു കീറിയും വെള്ളം എങ്ങും നടത്തുകകൊണ്ടു ദെശം മിക്കതും കൃഷിക്കു ഉചിതനിലമായിരിക്കുന്നു- വെല്ലൂർ യുദ്ധകാലത്തിങ്കൽ എത്രയും ഉറപ്പുള്ള കൊട്ടയായിരുന്നു സന്ധി വന്നതിന്റെ ശെഷം അതിന്റെ വലിപ്പവും വിശെഷത്വവും ക്ഷയിച്ചുപൊയി ആൎക്കാട്ടു കൊട്ടയിൽ ഒരു നവാബ പാൎക്കകൊണ്ടു നിവാസികൾ മിക്കതും മുസല്മാനർ തന്നെ ഇങ്ക്ലിഷ്കാരും ചില പട്ടാളങ്ങളെ അവിടെ പാൎപ്പിച്ചിരിക്കുന്നു കാഞ്ചിപുരത്തിങ്കലെ വിശെഷം ഒരു പുരാണ മഹാക്ഷെത്രം അതെ ചതുരംഗപട്ടണത്തിന്നരികെയുള്ള മാമല്ലപുരത്ത ശെഷിച്ചിരിക്കുന്ന പാറയമ്പലങ്ങളിൽ പുരാണചിത്രങ്ങൊത്തികളുടെ അതിശയമായ കൌശലപ്പണികളെ

കണ്ടറിയാം—

ചതുരംഗപട്ടണത്തിൽനിന്നഏകദെശം൬കാതംവഴിവടക്കൊട്ടുമദ്രാസപട്ടണം കടപ്പുറത്തുതന്നെതുറമുഖംകൂടാതെഏറ്റവുംവിശാലമായിശൊഭിച്ചുകിടക്കുന്നു ആയത് സംസ്ഥാനത്തിന്റെപ്രധാനനഗരങ്ങൾകൊണ്ടു ഗൊവൎണ്ണർമുതലായമെലധികാരികൾ അവിടെതന്നെവസിച്ചുരാജ്യകാൎയ്യങ്ങളെനടത്തിവരുന്നപട്ടണത്തൊടുചെന്തജൊൎജ്ജ്കൊട്ടയിൽരാജ്യപരിപാലനത്തിനായിസൎക്കാർപട്ടാളങ്ങളുംമറ്റുംപാൎക്കയുംകച്ചവടംചെയ്വാൻവലിയലാഭിക്കാരുംപട്ടണത്തിൽവന്നുവസിക്കകൊണ്ടുപലഭിന്നങ്ങളികൂടുംക്രമത്താലെഅങ്ങൊട്ടുചെന്നുകുടിയെറുകയുംചെയ്തിരിക്കുന്നുവിശെഷിച്ചു ദൈവവചനത്തെയുംഒരൊലൌകികവിദ്യകളെയുംപഠിപ്പിക്കെണ്ടതിന്നുഇങ്ക്ലീഷ പാതിരിമാർപലഎഴുത്തുപള്ളികളെയുംസൎക്കാർഒരുവിദ്യാശാലയെയുംഅവിടെ സ്ഥാപിച്ചിരിക്കുന്നുസംസ്ഥാനത്തിലെഇങ്ക്ലീഷസഭക്കാരെപരിപാലിക്കുന്നഅദ്ധ്യക്ഷ ന്റെവാസ്സുംആപട്ടണത്തിൽതന്നെആകുന്നു—ഇങ്ങിനെവിലാത്തിക്കാരുടെവിദ്യാ ലയങ്ങളുംക്രിസ്ത്യപള്ളികളുംവിഗ്രഹസെവിക്കാരുടെഅഞ്ഞൊറാനവുംക്ഷെത്രങ്ങളുംധനവാന്മാ രുടെവിശാലഗൃഹങ്ങളുംപാണ്ടിശാലകളുംദരിദ്രന്മാരുടെപുരകളുംകുടിത്തെരുക ളുംഒക്കപ്പാടെആവലിയനഗരത്തിൽതന്നെചെൎന്നുവസിക്കുന്നനിവാസികളു ടസംഖ്യഏകദെശം൪॥ലക്ഷംഅതിൽഏകദെശം൫൦൦൦൦ആളുകൾമുസല്മാ ൎരാകുന്നു—പട്ടണത്തിൽനിന്നഅല്പംതെക്കമയിലാപ്പൂർസമീപത്തഒരുപാറമെൽ തൊമാപള്ളിഉണ്ടുഅപ്പൊസ്തലനായതൊമാഅവിടെനിന്നുതന്നെമരിച്ചുഎന്നൊ രുശ്രുതികെൾക്കുന്നതുകൊണ്ടുഅതിന്നുഈപെർവന്നുഎന്നതൊന്നുകൊല്ലം തൊറുംഅനെകരൊമക്രിസ്ത്യാനർഅവിടെചെന്നുആരാധനകഴിച്ചുവരുന്നു—മദ്രാ സിൽനിന്ന൨൦—൨൫കാതംവഴിവടക്കപടിഞ്ഞാറൊട്ടുനാഗിരിമലപ്രദെശത്ത ന്നെഏറ്റവുംശ്രുതിപ്പെട്ടതിരുപതിക്ഷെത്രവുംകൊട്ടയുംഅതിന്നുകുറെതെക്കപടി ഞ്ഞാറചന്ദ്രഗിരികൊട്ടയുംഅവിടെനിന്നുതെക്കവെല്ലൂർനഗരവുംദെശത്തിലെമു ഖ്യസ്ഥലങ്ങളാകുന്നു—

പെണ്ണാറുപുഴയുടെഉറവുകൾനന്ദിദുൎഗ്ഗംകല്ലൊട്ടമുതലായസ്ഥലങ്ങളിൽനിന്ന അല്പംവടക്കുള്ളമലപ്രദെശത്തിൽനിന്നതന്നെആകുന്നുആമലകളുടെഉയരംഏ

കദെശം ൩൫൦ം കാതം വെണ്ണാറു ൧-൩ കൈവഴിയായി വടക്കൊട്ടൊഴുകി-കറെകൊണ്ടു- പെന്നകൊണ്ടു- ഉരകൊണ്ട മുതലായ സ്ഥലങ്ങളെ കടന്നു ഉദഗിരി ദുൎഗ്ഗസമീപത്തിങ്കൽ നിന്ന തിരിഞ്ഞു കിഴക്കൊട്ടു പ്രവഹിച്ചു കൊണ്ടായി ചെന്നതിന്റെ ശെഷം കടപ്പകൊട്ടയുടെ അരികിൽ ഒരു പിത്തൂരിൽ കുളഭ എന്ന ദെശത്തിൽനിന്ന പുറപ്പെട്ടു വീണതാണെ നാട്ടുടെ പ്രവഹിച്ചു നെല്ലൂർ പട്ടണസമീപം വെച്ചു ബെങ്കാളസമുദ്രത്തിൽ ചെന്നു കൂടുന്നു-

വെണ്ണാറു ഒഴുകുന്ന ഉയൻ ദെശത്തിൽ വിശിഷ്ടമായിട്ട കട്ടിദുൎഗ്ഗം തന്നെ പട്ടാണിരാജാക്കന്മാരുടെ കാലത്തു ഉറപ്പുള്ള കൊട്ടയെയും ചുറ്റുമുള്ള ദെശത്തെയും ഒക്കെക്കാലത്തെ കണ്ടെന്ന മറാട്ടിയാത്തിക്കും ഹൈദരാലിയും മറ്റും പലരായി കൊണ്ടിരുന്നതുകൊണ്ടിന്ന ആ ദെശവും ഇങ്കിരിസ്സുകാൎക്ക അധീനമായി വന്നു- പെണ്ണാറു മലകളെയും കാടുകൾ നാട്ടിൽ [illegible] പ്രധാന സ്ഥലം ആകുന്ന ആ ദെശത്തിൽ നിന്ന നാട്ടുകാർ വജ്രരത്നക്കല്ലുകളെയും മറ്റും വിളഞ്ഞെടുക്കുന്ന നദി ഒഴുകുന്നതാന ദെശത്തിൽ പ്രധാന പട്ടണമായ നെല്ലൂർ കടല്ക്കരയിൽ അല്ല ബങ്കാളസമുദ്രത്തിൽ നിന്ന അല്പം അകന്നിരിക്കുന്ന ആ പട്ടണത്തിൽനിന്ന വടക്കൊട്ട ഒരു കൊലനഗരത്തൊളമുള്ള കുന്നുപ്രദെശത്തിനിന്ന കുന്നുവാഴികൾ പണ്ടു ഇരിമ്പു ഈയം ചെമ്പു മുതലായ ലൊഹങ്ങളെ എടുത്തു എങ്കിലും ആ സ്വത്തു [illegible] ഇപ്പൊൾ മുഴുവനും നഷ്ടമായി കിടക്കുന്നു-

ഈ വിവരിച്ച നദികൾ ഒഴുകുന്ന നാട്ടുകളിലെ നിവാസികളും ഭാഷകളും ഒന്നുവിധം. കടല്ക്കരയുടെ പടിഞ്ഞാറൊട്ടുള്ള ഒക ദെശം പശ്ചിമ മലകളൊളം പാൎത്തുവരുന്നവർ മിക്കവാറും തമിഴർ ആകുന്നു. മലപ്രദെശത്തിൽ കുടിയെറി വസിക്കുന്നവർ പ്രത്യെകം തെലുങ്കർ തന്നെ. അവരിൽനിന്ന പടിഞ്ഞാറെ നിവാസികൾ കൎന്നാടക ഭാഷ പറയുന്ന [illegible] ആകുന്നു [illegible] ഇവർക്കും മുഖ്യ പ്രവൃത്തി കൃഷി തന്നെ. ഒരൊ ദിക്കുകളിൽ അല്പാല്പം കച്ചവടവും നായാട്ടും മറ്റും ഉണ്ടായിരിക്കും.——

ഫ്രാൻസക്കൊചിന്ദ്ര

[illegible] ഒരു [illegible] ഒരു പഴഞ്ചൊൽ ഉണ്ടു- അതിന്റെ ദൃഷ്ടാന്തമായിട്ടു ഒരു വൃത്താന്തം ഞാൻ കൊല്ലം ബൊദ [illegible]ൽനിന്ന കെൾക്കുന്നു-

അവിടെ ഒരു മാതാമൃയുടെ പൃഷ്ഠത്തിന്നു പൊറപ്പെട്ടപ്പോൾ ഒന്നിനെ പൊറുക്കയും മറ്റെ രണ്ടിനെയും ഉള്ള
ത്തിൽ മുക്കി കൊന്ന തൊട്ടത്തിൽ കുഴിച്ചിട്ടുകയും വെണം എന്ന കല്പനയാക്കി - അപ്രകാ
രം ചെയ്കയാറെ ഒന്നര മാസം തികഞ്ഞിട്ടു തന്നെ തൊട്ടത്തിൽ കുഴിച്ചിട്ട സ്ഥലത്തിൽ
നിന്ന ഒരു പൃച്ച കുട്ടി മണ്ണു നീക്കി പുറപ്പെട്ടത് വെലക്കാർ കണ്ടറിയിച്ചു - നിറം മുത
ലായത് നൊക്കിയപ്പോൾ ഇതു കൊന്ന കുഴിച്ചിട്ട കുട്ടി തന്നെ എന്നു തൊന്നി - പിന്നെ
കുഴിച്ചിട്ട സ്ഥലം കിളച്ചു നൊക്കിയനെരം ഒന്നിന്റെ അസ്ഥികളെ കണ്ടതെയുള്ളു -
ആ കുട്ടി ഇപ്പൊഴും ജീവനൊടിരിക്കുന്നു - ഉടപ്പിറന്നതിനൊടു സകാലത്തിലും സാദൃശ്യം ഉ
ണ്ടു വണ്ണത്തിലും വളൎച്ചയിലും മാത്രമെ ഒന്നര മാസത്തെ വ്യത്യാസം കാണുന്നുള്ളു -

ഇത് എന്തൊർ അത്ഭുതം എന്നാൽ - ആഴ്ത്തി കുഴിച്ചിട്ടാറെയും പ്രാണൻ മുട്ടി നശിച്ചു
പൊകില്ല അല്പകാലത്തെക്ക മാത്രം ശ്വാസത്തിന്ന മുടക്കം വന്ന എന്നു തൊന്നുന്നു - അ
തിന്ന സമമായ ഒരു കാൎയ്യം വടക്കെ ഭൂമികളിൽ ശീതകാലത്ത നിത്യം കാണ്മാനുണ്ടു -
ആ ഋതുവിൽ കാട്ടിൽ മുള്ളൻ പെരുച്ചാഴി മുതലായ ചില മൃഗങ്ങൾ കുഴികുഴിച്ചു ചില മാസം
ചത്തു കിടന്നതു പൊലെ പൊകുന്നു - കാട വകയിലും അവലും ഇരുണ്ട ഗുഹകളെ പ്രാപിച്ചു ഒളി
ച്ചു പാൎക്കുന്നു - ശീതം വൎദ്ധിക്കുന്നതെണ്ടതിന്ന നന്നായി ചുരുണ്ടു കിടക്കയാൽ കടലും നാഡിയും
കുഴത്തും ഞെരുങ്ങി ഉറങ്ങുന്ന ശരീരത്തിന്നു ചൂടു കുറഞ്ഞു രക്തത്തിന്റെ ഒഴുക്കവും തിന്നെ
പാകുന്ന അരനാഴികയകം ഒന്നരണ്ടു ശ്വാസം കഴിക്കുന്നതെയുള്ളു ഇപ്രകാരം ശീതകാ
ലം മുഴുവനും കിടക്കുന്നു - ആ ഋതുനിദ്രകളെ ഉടനെ ഉളം വയറ്റിൽ എത്രം ഇല്ല ബലനവും
നന്ന കുറഞ്ഞിരിക്കും - ചൂടുള്ള ദെശത്താക്കിയാൽ ക്രമത്താലെ ഉണൎച്ച വരും വിശപ്പും ഉണ്ടാ
കും - ശീതസ്ഥലത്ത വെച്ചു തന്നെ മുറിച്ചാലും വായിൽ തിളവെള്ളം പകൎന്നാലും ഉണരുകയി
ല്ല --- പിന്നെ ൧൮൪൦ (ദിശമ്പ്ര) ദൊവറൊ കാട്ടിയുടെ സമീപത്ത ഒരു പാറ പൊളിഞ്ഞു വീഴു
കയാൽ ഒരു വീടു തകൎന്നു വീട്ടിലുള്ള ഒരു സ്ത്രീ കുട്ടികളൊടു കൂട ഉടഞ്ഞു മരിച്ചു - അതിൽ ഒരു
പന്നിയും കൂട മരിച്ചു എന്ന എല്ലാവരും വിചാരിച്ചു എങ്കിലും ൫ മാസവും ൯ ദിവസവും കഴി
ഞ്ഞപ്പൊൾ അത്രെ കൂലിക്കാരൻ കല്ലും മണ്ണും നീക്കി വീട്ടിന്റെ ഉത്തരങ്ങളെയും മറ്റും വ
ലിച്ചെടുത്തു പന്നിയും അറന്നു വെച്ചതിനെ ഞെരുങ്ങിയെങ്കിലും നന്നെ മെലിഞ്ഞും കണ്ടു അതു കൂടെ
ഞരങ്ങി ജീവിക്കയും ചെയ്തു - അതിന്റെ ചലനം മുമ്പെ ൧൬൦ റാത്തലായിരുന്നു എടുത്തപ്പോൾ
൩൦ റാത്തലെ ഉള്ളു - അതല്ലാതെ വളപ്പിൽ പാഴ്മുതലായ ... തിന്ന ഒന്നരണ്ടു ചെച്ചത്തൊ

ക്രംശിതം നിമിത്തം ഉറക്കം ഉള്ള പ്രകാരം കണ്ടിരിക്കുന്നു- വെയിലത്ത് എത്തിയാനെ രംഭവൻ മടങ്ങി വരികയും ചെയ്തു- കല്ല്യാത്തിക്കിൽ മലയുടെ ഉള്ളിൽ നിന്നു കല്ലു കൊത്തി എടുത്തു വെംൾ തവളയുറത്തു ചാടി കാണുന്നത് ദുർല്ലഭമല്ല- അതുന്നും അതിരവും വർഷം ഏകാശം ഇല്ലാതെ നന്നവുള്ള ബന്ധയത്തു ചുരുണ്ടു കിടന്നിട്ടും ചുററുമുള്ള ചളിയൊ മണ്ണൊ ക്രമത്താലെ കല്ലായിച മഞ്ഞിട്ടും മരണം വരാതെ ഒരു സുഷിദ്രയെ കഴിച്ചു വരുന്നു- മനുഷ്യനും പല കൌവല്ല ഉപായങ്ങളാലും അവ കനിദ്ര വരുത്താം ക്ഷാമകാലത്ത് അതു പ്രയൊഗിച്ചാൽ നല്ല കൌശലം എന്നെ വെണ്ടു- ചില ബ്രാഹ്മണരും യൊഗികളും ആ വിദ്യയെ ഗ്രഹിച്ചു നടത്തുന്ന പ്രകാരം പ്രശംസിച്ചിരിക്കുന്നതു നെരൊ കളവൊ എന്നു നിശ്ചയിപ്പാൻ പാടില്ല എങ്കിലും തവളെക്കു കഴിവുള്ളത് മനുഷ്യൻ വരുത്തിയാലും ദിവ്യം എന്നു നിനെപ്പാൻ ആവശ്യം ഇല്ല മൃഗങ്ങളാൽ കഴിയാത്തതിനെ കൊണ്ടാലെ മനുഷ്യന്നു മാനമുള്ളു എന്നു തന്നെ നിശ്ചയം പ്രാണൻ ശരീരത്തൊടു ചെൎന്നു വസിക്കുന്ന പ്രകാരവും അബന്ധം നിദ്രാദികളാൽ അഴയുന്നതും മരണത്താൽ ജീവിച്ചെഴുനീല്ക്കൊളും വെർപിടുന്ന പ്രകാരവും മനുഷ്യൎക്ക് ഇതുവരെയും അറിയാഞ്ഞിട്ടില്ല—

കെരളപഴമ

൧൫൦൭ കൊല്ലത്തു ദസാ മുതലായവരുടെ അപത്തിന്നു പകവീട്ടിയതു-

അൾമൈദ കൊല്ലത്തെക്കു നിയോഗിച്ച ഹൊമൻ കപ്പിത്താൻ അറവിട ക്രൂക്കളുടെ പാപ്പച്ചക്കാറനും എല്ലാം വാങ്ങിച്ചു പാണ്ടിശാലയിൽ വെച്ച് ഓടിപ്പൊയ പ്രകാരം പറഞ്ഞുവല്ലൊ- ആ അപമാനം കൊല്ലത്തിലുള്ള മാർസഭയാർ അങ്ങാടിയിലും പള്ളിയിലും ജനങ്ങളെ ഉണർത്തിച്ചപ്പൊൾ രാജാവിന്റെ മന്ത്രികളെ ചെന്നു കണ്ടു ഇത്ര തെങ്ങുപ്പിള്ള കുറവാകുന്നതു യവനാട്ടുകൊൾക്കു പരദെശികളെ രക്ഷിപ്പാൻ മനസ്സും പ്രാപ്തിയും ഇല്ലാതെ വന്നുപൊയ പ്രകാരം ലൊകർ പറയുമല്ലൊ എന്നാൽ ഇനി ഇവിടെ കച്ചവടം ചെയ്വാൻ അനുവദിക്കും എന്നും മറ്റും പുറക്കിട്ടു സങ്കടം ബോധിപ്പിച്ചു- അതുകൊണ്ട് ഒരു മന്ത്രി പാണ്ടിശാലയിൽ ചെന്നു ദസായെ കണ്ടു കപ്പിത്താൻ എടുപ്പിച്ചത് ഉടനെ എല്ലാം കൊടുക്കെണം എന്നു രാജാവിൻ കല്പന അറിയിച്ചു- ദസാവും വെവിനയമുള്ളവൻ എങ്കിലും അൾമൈദയുടെ പരവു വിചാരിച്ചു ഞെഞ്ഞെ വാങ്ങിപ്പാൻ തുടങ്ങി മന്ത്രിയൊടു പിണങ്ങി ആടിയും ക്രുദ്ധിയപ്പൊൾ ചൊനകരും നായന്മാരും വാൾ ഊരി വെട്ടുവാൻ ഒരുമ്പെട്ടു- ഉടനെ ദസാ ൧൨ പറങ്കികളൊടും കൂട ആയുധങ്ങളെ

ടുങ്ങല്ലൂർ ഭഗവതി ക്ഷെത്രത്തിലെക്കു അതിക്രമിക്കയും ഒരു നെരം തട്ടുത്തിന്ന ശെഷം കൊല്ലക്കാർ പിറകിൽ ചുറ്റും കത്തിച്ചു തീക്കൊളുത്തുകയാൽ ഗ്രാമക്ഷെത്രാദി സർവ്വം ദഹിച്ചു മറിക്കയും ചെയ്തു — അന്നുത്തരവുമെത്ത ഒരു ചെറിയ പറങ്കികപ്പൽ ഉണ്ടു — അതിലുള്ള കപ്പിത്താൻ വർത്തമാനം അറിഞ്ഞപ്പൊൾ ചില പടക്കുകളെ തീകൊടുത്തു നശിപ്പിച്ചു മടിയാതെ കൊച്ചിക്ക ഓടുകയും ചെയ്തു (൧൫൦൫, അക്തൊ. ൩൧) — ആക്കിൽ പത്തിയ നെരം തന്നെ കണ്ണനൂരിൽ നിന്നു അൽമൈദയും കപ്പൽബലത്തോടും കൂടെ വന്നു എന്നു — ആയവൻ കൊല്ലത്തെ പ്പറ്റി താനും കെട്ടാറെ താമസം കൂടാതെ പുത്രനായ ലൊരഞ്ചൊ നിയൊഗിച്ചയച്ചു — അവൻ കൊല്ലത്തിന്റെ നെരെ വന്നു അവിടെ കണ്ട നൂറു പടക്കുകളെ വെടിവെച്ചു ഭസ്മമാക്കി മുഴുക്കുകയും ചെയ്തു — അതിന്റെ ശെഷം ലൊരഞ്ചൊ അൽമൈദ മാലെദ്വീപുകളെ ഉം ഒടിഞ്ഞ രവി കപ്പലുകളെ പിടിപ്പാൻ തക്കം നൊക്കുമ്പൊൾ വെള്ളത്തിന്റെ വെഗത്താൽ സിംഹളദ്വീപിന്നു അണഞ്ഞു — അതിനെ മലയാളികൾ സിംഹളം ഈഴനാടു എന്നു പറയുന്നു — നല്ല കറുപ്പ പണ്ടെ തന്നെ മുളെച്ചുണ്ടാകുന്ന ഭൂമി — പറങ്കികൾ വന്ന കാലം ന്റ രാജാക്കന്മാരും രാജ്യധാനികളും ഉണ്ടെന്ന കെട്ടു — കൊളമ്പിലെ രാജാവെ കണ്ടപ്പൊൾ അവൻ സന്തൊഷിച്ചു ചൊനകരുടെ കപ്പലൊട്ടത്തിന്നു ഭംഗം വരുത്തിയാൽ കൊള്ളാം എന്ന പറഞ്ഞു പൊർത്തുഗാലെ തനിക്കു നിഴലാകുവാൻ അപെക്ഷിച്ചു ആണ്ടു തൊറും ൧൦൦൦ കണ്ടി കറുപ്പ കപ്പം തരാം എന്നു ഒരു കരാറു സത്യം ചെയ്തു — അനന്തരം ലൊരഞ്ചൊ ശീതകാലം മുഴുവനും ഒന്നായാക്കി കടൽ സഞ്ചരിച്ചു കൊല്ലത്തിലെ കലഹത്തിൽ കൂടിയ ചൊനകർ പിരിഞ്ഞിട്ടില്ലുണ്ടെന്നു കെട്ടു ആ ഊരെ ഭസ്മമാക്കി കന്യാകുമാരിമുതൽ കണ്ണനൂർ വരെ മലയാളത്തിലെ മാപ്പിളക്കുമാർക്കു കടൽ കാച്ചുവടത്തെ മുടക്കി കൊണ്ടിരുന്നു

൩൬. അൽമൈദ പെറിമ്പടപ്പു സ്വരൂപത്തിൽ അനന്ത്രസമ്പ്രദായത്തെ മാറി വെച്ചതു —

അൽമൈദ കൊച്ചിക്കു വന്നപ്പൊൾ (൧൫൦൫ ആമതു നവമ്പ്ര. ൧) പെറിമ്പടപ്പു സ്വരൂപത്തിൽ ഒരു കഠിനവാദം ഉണ്ടായ പ്രകാരം കെട്ടു — അതിന്റെ കാരണം കമ്പ്രാൽ വരുന്ന സമയം വാണ പൊരുന്നു ഉണ്ണി കൊതവൎമ്മർ വാർദ്ധക്യം നിമിത്തം പ്രപഞ്ചം വെറുത്തു ക്ഷെത്രവാസം ചെയ്തു — നെരെ അനന്ത്രവന്മാർ രണ്ടാൾ ഉണ്ടു മടത്തിൽ പടികൊടില്ലാൻ തന്നെ —

ആയവർ നവഷ്ടത്തിന്നു ബെംഗളായുദ്ധത്തിൽ പറങ്കിപക്ഷത്തെ തള്ളിത്താഴ്ത്തിയ
ആശ്രയിച്ചു പൊയിരുന്നു— അതുകൊണ്ടു മൂത്തരാജാവ് അവരെ ദ്രൊഹികൾ എന്നു
നിരസിച്ചു മുന്നാമനായവരെ ഇടത്തിൽ പടിമടത്തിങ്കൽ കൊയിലെ വാഴിക്കയും ചെയ്തു-
ഇളയമരുമക്കൾ അവകാശത്തെ വിടാതെ ചൊദിച്ചതും അല്ലാതെ അവർ ആശ്രയി
ച്ചു പാൎക്കുന്ന മൊറിങ്ങൂർ മെട്ടിക്കൂറു മൊറിങ്ങൂട്ടി ഇടപ്രഭുവിന്റെ സഹായത്താലും ബ്രാ
ഹ്മണ പ്രസാദത്താലും പെരിമ്പടപ്പിന്ന് അവരെ ശങ്കനിപ്പിക്കയും ചെയ്തു— അതുകൊ
ണ്ടു രാജാവ് അൾമൈദയൊടു സങ്കടപ്പെട്ടപ്പൊൾ ആയവൻ പൊൎത്തുഗാലിൻ മമത
യും നിഴലും എന്നെക്കും ഇങ്ങുതന്നെ ഇരിക്ക- പുരാണസമ്പ്രദായമല്ല പൊൎത്തുഗാൽ
രാജാവിന്റെ കടാക്ഷമത്രെ പ്രമാണം എന്നു കല്പിച്ചു പട്ടാഭിഷെകം അവരെ ഘൊ
ഷത്തൊടെ കഴിപ്പിച്ചു ഉണ്ണിരാമക്കൊയിൽ എന്നു നാമധെയം ധരിപ്പിച്ചു പെരു
മ്പടപ്പിന്നു യൊഗ്യമല്ലാത്ത പൊക്കമുട്ടം മുതലായവറ്റെ കല്പിച്ചതും ചെയ്തു— അന്നു പെ
രിമ്പടപ്പു ഞാൻ എന്നെക്കും പൊൎത്തുഗാലിന്റെ കുടക്കീഴിൽ വസിക്കാം എന്നു സത്യം
ചെയ്തു അൾമൈദ അവരെ സമ്മാനങ്ങൾ കൊടുത്തതും ഒഴികെ പണ്ടു പറങ്കിയുദ്ധത്തിൽ
പൊരുതി മരിച്ച മരുമക്കളുടെ ഒൎമ്മെക്കായിട്ടും കൊട്ടവെട്ടിച്ച സ്ഥലത്തിന്റെ ഉ
പഭൊഗമായിട്ടും പൊൎത്തുഗാൽ ആണ്ടുതൊറും ഒരു വെള്ളക്കാരന്റെ നാണിഭമുള്ള
സ്വൎണ്ണം മുതലായ കാഴ്ചകളെ സിംഹാസനത്തിങ്കൽ വെക്കെണം എന്നു വ്യവസ്ഥ
വരുത്തി ആ ഉടിപൊയ അനന്ത്രവന്മാരൊടു പടത്തുടരുകയും ചെയ്തു— അതിനാൽ ആ
ലൊകൎക്കു സന്തൊഷം വളരെ തൊന്നി മരം കൊണ്ടുള്ള കൊട്ട നന്നല്ല അഴിമുഖത്ത
ന്നെ ശൊഭയുള്ള കൊട്ടയെ കെട്ടെണം ദെശാന്തരം എന്നു സൎവ്വസമ്മതമാകയും
ചെയ്തു—

൧൫൦൩ പെബ്രുവരി അൾമൈദ ൧൨ കപ്പലിൽ ചരക്ക കയറ്റി സ്വരാജ്യ
ത്തെക്കയച്ചപ്പൊൾ രാജാവിന്നും കാഴ്ചയായി ഒർ ആനയെ യുരൊപ്പക്കി
ലെക്കയച്ചു— അത് അവിടെ കപ്പൽ വഴിയായി എത്തിയ ആനകളിൽ ഒന്നാ
മത്തതന്നെ-

F. Müller Editor

നമ്പ്ര ഒന്നിന്ന | # പശ്ചിമൊദയം | ർവെപ്പസ്സ വില
൪. നമ്പ്ര | തലശ്ശെരി | ൧൮൪൮ ഏപ്രിൽ

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൯. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും–

൯. പശ്ചിമമലയും കാവെരി കൃഷ്ണാദി നദിപ്രദെശങ്ങളും–

൯. കൃഷ്ണാനദിപ്രദെശം–

കൃഷ്ണാനദി സഹ്യമലപ്രദെശത്തിലെ സത്താര പൂണാപുരി എന്ന മഹാരാജധാനികളുടെ നടുനടുവിൽനിന്നുത്ഭവിച്ചു കിഴക്കതെക്കൊട്ടു വിജയപുരത്തിൽക്കൂടി ശ്രീ... ന്റെ അരികെ വെച്ചു കൊലാപൂരിൽനിന്നൊഴുകിവരുന്ന വൎണ്ണപ്പുഴയെ ചെൎത്തുകൊണ്ടു കിഴക്കൊട്ടു ഭീമപല്ലായിൽനിന്നു വരുന്ന ഘടപ്രഭാനദിയെയും ധാരവാട ദെശത്തിൽനിന്നുത്ഭവിച്ചെഴുകുന്ന മലാപഹാരിയെയും കൂടക ദെശത്തിൽനിന്നു ഉത്ഭവിച്ചു വടക്കൊട്ടു ചെല്ലുന്ന തുംഗഭദ്രയെയും ബീദരുരുസമീപത്തിൽനിന്നു വരുന്ന വരദപ്പുഴയെയും കൎന്നൂൽ കൊട്ടയുടെ അരികിൽ വെച്ചു ചെൎത്തുകൊണ്ടു പൂണാ– സീരൂർ പട്ടണങ്ങളുടെ അരികിൽനിന്നു പ്രവിച്ചുവരുന്ന ഭീമപ്പുഴയെയും ചെൎത്തുകൊണ്ടു ഉയൎന്ന ദെശത്തൂടെ പ്രവഹിച്ചു ഹൈദരാബാദ എന്ന നിഷാദരാജധാനിയിൽനിന്നു വരുന്ന മൂസപ്പുഴയെയും ചെൎത്തു ഗുണ്ടൂർ– പാൽനാടു ദെശങ്ങളെ കടന്നതിന്റെ ശെഷം– ശിരാവിരുള– കണ്ടാവിരുളി മലയസ്ഥലങ്ങളിൽ വെച്ചു വിള്ളുകളിലും കണിവായിലുകളിലും കൂടി പല തരുവിയാറുകളായി പശ്ചിമമലപ്രദെശത്തിൽനിന്നിറങ്ങിവീണു കിഴക്കൊട്ടാണ നാട്ടിൽ ചെന്നു ഗുണ്ടൂർ ദെശത്തിലെ മച്ചിലിബന്തർ അരികിൽ വെച്ചു തന്നെ വങ്കാള സമുദ്രത്തിൽ ചെന്നു കൊള്ളുന്നു–

തുംഗഭദ്രപ്പുഴ കല്ലുമലനിലം മൈസൂർ രാജ്യത്തിൽനിന്നുത്ഭവിച്ചു വടക്കൊട്ടു ചെന്നു കൃഷ്ണാനദിയൊടു ചെരുന്ന പുഴ കൾ അതിന്റെ തെക്കെ കരയിൽ ഉണ്ടു. തുംഗഭദ്ര ഒഴുകുന്ന നാട്ടിൽ ചിത്രദുൎഗ്ഗം– ഹരിഹര– ബല്ലാരി– അനഗുണ്ടി മുതലായ കൊട്ടകൾ പ്രധാനങ്ങളായ ദെശത്തിന്റെ ഉയരം ഏകദെശം ൨൦൦൦ കാലടി. പട്ടാണി രാജാക്കന്മാരുടെ കാലത്തിൽ ഈ കൊട്ടകൾക്കത്രയും ഉറപ്പുണ്ടായിരുന്നു. മരത്തായുദ്ധത്തിൽ നടന്ന സമയം ഇങ്ക്ലിഷ്കാർ ക്രമത്താലെ ജയിച്ചു മഹാരാ

ഷ്ടം സ്വാധീനമാക്കി ഒരൊ കൊട്ടകളെയും കയ്യിൽ പിടിച്ചു കളഞ്ഞു ഹരിഹരബുക്കാദിമുതലാ
യവരിൽ പട്ടാളങ്ങളെ പാൎപ്പിച്ചുവരികകൊണ്ടു നാട്ടിൽ കലഹം എല്ലാം അമൎന്നു പ്രജകൾ അനു
സരിച്ചുകൊണ്ടുവന്നുള്ള കാലത്തിൽ പുഴകളുടെ വെള്ളം വളരെ കുറഞ്ഞു ചിലത് മുട്ടുവരും വററി
പൊകകൊണ്ടു നാട്ടുപലദിക്കിലും വെള്ളപൊക്ക പ്രകാരം ഒന്നന്നു നാട്ടുകാർ വെണ്ടുന്ന കൃഷി
ഫലം കിട്ടെണ്ടതിന്നു അത്യന്തം അദ്ധ്വാനം കഴിക്കെണ്ടിവരുന്നതിനാൽ ശെഷമാകൃഷിപദാൎത്ഥ
പലവിധം പയറു കൊത്തമ്പാലുമുതലായ ധാന്യങ്ങളും തന്നെ—

ഭീമകൃഷ്ണാനദികളുടെ ഉറവുദെശത്തിൽ മാരത്തരാജാക്കന്മാരുടെ പ്രധാനപട്ടണങ്ങ
ളായ സത്താരയും പൂണയും ൨൦൦൦ കാലടിയൊളം ഉയരമുള്ള മലപ്രദെശങ്ങളിൽ വിശാലമായിരി
ക്കുന്നവയും ആ ദെശവാസികൾക്കു പൂണപട്ടണം എന്നുള്ള പെർ തന്നെ എത്രയും ഭയങ്കരമായി
തൊന്നിയിരുന്ന മഹാരാഷ്ട്രം ഇങ്ക്ലീഷ്കാരുടെ കൈക്കൽ വന്നമുതൽ പട്ടണത്തിന്റെ വിസ്താ
രവും നിവാസികളുടെ സംഖ്യയും വളരെ കുറഞ്ഞു മാരത്തപ്രഭുക്കളുടെ വസിപ്പും താണുപൊ
യിരിക്കുന്നു എങ്കിലും ഇങ്ക്ലീഷ്കാർ ചില പട്ടാളങ്ങളെ അവിടെ പാൎപ്പിച്ചിരിക്കകൊണ്ടും ഉഷ്ണകാ
ലത്തിൽ ബൊമ്പായിലെ ഗൊവൎണ്ണരും മററും പല മഹാസായ്വന്മാർ കൂടക്കൂടെ ആ ഉയൎന്ന സ്ഥല
ദെശവിശെഷം അധികം ഉണ്ടെ ദാസ്യം ഇല്ലെന്നിങ്ങൾ ഭസ്മമാക്കി കയിന്നു സബായി എന്ന
വും [illegible] കപ്പലും പടയും ഒരുക്കുവാൻ ഉത്സാഹിച്ചതിന്നിടകിൽ [illegible]

ച്ചിരിക്കുന്നു- അവൻ പരന്ത്രീയരക്കു വെള്ളക്കാർ പലരും ഉണ്ടു അധികം വരെ ഉണ്ടാക്കു

ക്കുന്നു- അവന്റെ മകനായ ത്രങ്ങിൽ ഖാൻ എന്നവൻ- ഇവന്റെ വാഴ്ചക്കു ഇന്നേവരെ

ഭംഗം ഒന്നും വന്നിട്ടില്ല- മിംഗവംശക്കാരുടെ നാട്ടിൽ മത്സരങ്ങൾ ജനിച്ചതങ്ങളിലും ഓരോരൊ

ഛിദ്രങ്ങൾ ഉണ്ടു എന്നു കേൾക്കുന്നു അതുകൊണ്ടു വൈകാതെ ചെന്നു നെരിട്ടാൽ ജയിക്കാം

എന്നു തോന്നുന്നു—

ഈ വർത്തമാനം കൊട്ടാരത്തിലുള്ളവർക്കു സംശയം എല്ലാം വിട്ടു ഇത്ര തന്നെ വേണ്ടത്

എന്നു ചൊല്ലി കാര്യത്തെ നിശ്ചയിച്ചപ്പോൾ നിമ്മൊയന്ന അവരോടു കൂട പുറപ്പെട്ടു

ട്ടു കൊയിന്തൊനൊരൊടു എന്ന തന്റെ കോട്ടയെ വളഞ്ഞു പൊരുതു പിടിച്ചു— ഉടനെ

ഗൊവംശ്യരുടെ രാജ്യത്തിലും എന്നിയാരെ ത്രങ്ങിൽ ഖാൻ അന്നു ജയിച്ചു ഗോമിൽ ചെന്നിരിക്കയാം

ൽ ബാലൻ വില്ലാളൻ അനേകം കൊടുത്തു അല്പം മാത്രം എതിർത്തു നിന്നു കൂറയാളുന്നം പട്ടു പൊയ

ശെഷം അതിഭയം പൂണ്ടു അവരു രാജ്യത്തിൽ ആക്കും ചെയ്തു— അവർക്കു എതിർത്ത് നിന്ന പര

ക്കികളെ തിരത്തിരക്കൽ അങ്ങു ഒരു വാണിയക്കൂട്ടത്തിന്റെ പ്രദക്ഷിണ സമ്പ്രദായപ്രകാ

രം മുന്നിട്ടു നടത്തി ബന്ധു പ്രവേശം കഴിക്കയും ചെയ്തു- ഓദിഹം- പെൺവരി- ൨൩—

ആ രാജ്യത്തിലെ മുമ്പെ സ്ഥാപിച്ച മുക്കത്രപരമ്പ എന്ന പേരുണ്ടായിരുന്നു—ന

രസിംഹരായരുടെ വാഴ്ചകാലം ഹൊനാവരിൽ ഉള്ള മാപ്പിള്ള മാർഗ്ഗത്തിൽ മത്സരിച്ചി

ട്ടു അവിടെ ഉള്ളവരെ ഒട്ടു ഒഴിയാതെ കൊല്ലേണം എന്നു കല്പനയായി- ൧൫൪൭ ഇതു—

പലരും മരിച്ചശെഷം ഒരു കൂട്ടം തെററിപ്പൊയി ആ ഗോവ തുരുത്തിയിൽ തന്നെ വാങ്ങി

പാർത്തു കൊട്ടയെ കെട്ടിച്ചു സമ്പാദിച്ചു തലായ വെള്ളമുസല്മാനരെയും നാനാജാതിക്കാരായി

പലിരരെയും പുത്തരെയും ചേർത്തു കൊണ്ടു കടപ്പിടി നടത്തി വെണ്ടുവോളം വർദ്ധിച്ചിരു

ന്നു— തുറമുഖം വഴിയ കപ്പലുകൾക്കു മഴക്കാലത്തും ഏറ്റവും വിശേഷം- ബൊംബായ്ക്കുവ

തന്നെ ആഴമുള്ള അഴിമുഖം ഈ പടിഞ്ഞാറെ കടപ്പുറത്തു എങ്ങും കാണ്മാനില്ല- അതുകൊ

ണ്ടു അവർക്കു പ്രവേശിച്ച സമയം ഓരോ ഉള്ള പെരിക ഉണ്ടാക്കി- ആയക്കും മറ്റും വിശേഷിച്ചു

കുതിരകളെ അധികം കണ്ടു— അറബി പറങ്കികൾക്കു ഇതു തന്നെ മൂലസ്ഥാനമാകേണം

എന്നു അൾബുക്കെർക്ക് നിശ്ചയിച്ചു ഉറപ്പിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു—

F. Muller, Editor.

പശ്ചിമോദയം

നമ്പ്ര ഒന്നിന്നു — ഫെബ്രുവരിയില
൧൦ാം നമ്പ്ര — തലശ്ശേരി — ൧൮൪൭ാം ആണ്ട്

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൩. മദ്ധ്യഖണ്ഡം

൪. ബൊംബായി മുതലായ ചെറു തുരുത്തികളുടെ അവസ്ഥ-

ഗുജ്ജരം കമ്പായ ഉൾകടൽ തപതി നൎമ്മദാ നദികളുടെ അഴിമുഖം മുതലായ ദിക്കുകളിൽ തന്നെ കന്യാകുമാരിയോളം തെക്കോട്ടു കിടക്കുന്ന കടല്പുറത്തിന്നു സമീപമുള്ള തുരുത്തികൾ ചുരുക്കമെയുള്ളു വിവരിപ്പാനുള്ളവ സുരാഷ്ട്രം കൊങ്കണം എന്നിരണ്ടു നാട്ടുകൾ തമ്മിൽ ചെന്നദിക്കിൽ നിന്നു അല്പം പടിഞ്ഞാറൊട്ടു കടൽകരസമീപത്തു പൊങ്ങി കിടക്കുന്ന ബൊംബായി- കരിവുരി- ത്രിസ്ഥാനം എന്നിമൂന്നു തന്നെ- അതിൽ വിശേഷമാകുന്ന ബൊംബായി തുരുത്തി അതിന്നു വിസ്താരം കുറച്ചെ ഉള്ളു മല- പുഴ ഇത്യാദികളുടെ അവസ്ഥ പറവാനില്ല ൧൫൩൦ാം ക്രി- അ- പൊൎത്തുഗീസർ ആ തുരുത്തിയെ കൈവശമാക്കി ഒരു കോട്ടയെ പണി കഴിച്ചു തുടങ്ങി എങ്കിലും അവരുടെ കാലത്തിൽ എല്ലാം അവിടെ നിന്നു ഏറ്റവും ശ്രമമില്ലാത്ത ഗോവ പട്ടണം മുഖ്യമായി ശോഭിക്കകൊണ്ടും ബൊംബായി തുരുത്തിയിൽ വളരെ ചളിയായ കുഴിനാട്ടു ഉണ്ടാകനിമിത്തം വിലാത്തിക്കാൎക്കു സുഖവാസമില്ലാക്കകൊണ്ടും അവർ ൧൬൬൨ ക്രി- അ- അതിനെ ഇങ്ക്ലിഷ് രാജാവിന്നു കൊടുത്തു കളഞ്ഞു അതിൽ നിന്നു ഒരു പ്രയോജനവും ഉണ്ടാകയില്ലെന്നും അതിനൊട്ടു സംബന്ധിച്ച ചിലവും വെണ്ടാ എന്നും വെച്ചു രാജാവ് കുമ്പിഞ്ഞി സൎക്കാൎക്ക് ദ്രവ്യമായിട്ടു ഏല്പിച്ചു കൊടുത്തു- അവരൊ വടക്കപടിഞ്ഞാറെ സംസ്ഥാനത്തിന്നു ആ തുരുത്തി പ്രധാനസ്ഥലമായി കൊള്ളൊം എന്നു വിചാരിച്ചു ഗവൎന്നർ മുതലായ സ്ഥാനികളെ അതിൽ അയച്ചു വാഴിച്ചു- അന്നു മുതൽ ആ ദേശത്തിന്റെ വിശേഷതയും സ്പഷ്ടമായി കാണ്മാൻ സംഗതിവന്നു- ഇങ്ക്ലിഷ്കാർ അത്യന്തം പ്രയത്നം കഴിച്ചു ക്രമത്താലെ ആ കുഴിനാട്ടും നികത്തി ചളികളഞ്ഞു കാട്ടും വെട്ടി ആ സ്ഥലം എല്ലാവൎക്കും സുഖവാസത്തിന്നു യോഗ്യമാക്കിയതു മല്ലാതെ വിശേഷമായ തുറമുഖം അവിടെ ഉണ്ടാക കൊണ്ടു ബൊംബായി തുരുത്തി ഇപ്പൊൾ വങ്കച്ചവടത്തിന്നും കപ്പലൊട്ടത്തിന്നും ഒരു പ്രധാന

സ്ഥലമാകുന്നിരിക്കുന്നു- ബൊമ്പായിപട്ടണത്തിലെ നിവാസികളുടെ സംഖ്യ ഇപ്പൊൾ ഉല ക്ഷത്തിന്റെ താഴെ അല്ല- അവരിൽ ഏകദേശം ൧ലക്ഷം ഹിന്തുക്കൾ- ൧൫൦൦൦ മുസല്മാനർ ൧൦൦൦൦ പൊൎത്തുഗീസക്രിസ്ത്യാനർ ൧൨൦൦൦ പാൎസികൾ ൫൦൦ യെഹൂദന്മാർ ൧൪൦൦ ഇങ്ക്ലീഷ്ചട്ടക്കാർ ൧൫൦൦ ഇലയാനം ഇങ്ക്ലീഷ്സൎക്കാർസ്ഥാനികളും ആയിരൊപകാച്ചവടക്കാരും മറ്റുമുണ്ടായിരിക്കും അതല്ലാതെ സംവത്സരം തൊറും ഒരൊ സംഗതിക്കായി അങ്ങൊട്ടുവന്നു പൊകുന്നവരുടെ സംഖ്യ ൬൦൦൦൦ ആയിരിക്കും മികെച്ചു ധനവാന്മാർ പാൎസികൾ തന്നെ കപ്പൽ വണിക്കച്ചവടം മുതലായ പുഷ്ടിയുള്ള വൃത്തികൾ മിക്കതും അവരുടെ കൈക്കൽ തന്നെ ആകുന്നു- ഇങ്ക്ലീഷ്കാർ ഒരൊ വിധം വിദ്യാസംഘങ്ങളെ സ്ഥാപിച്ചതു മല്ലാതെ പലവാതിരിമാരും അവിടെ പാശ്ചാത്യ വിശെഷ പ്രകടനത്തിനുള്ള അനെകം എഴുത്തുപള്ളികളിൽ കുട്ടികളെ പഠിപ്പിക്കയും പുസ്തകങ്ങളെയും മരാട്ടി മുതലായ ഭാഷകളിൽ പകൎത്തു അച്ചടിക്കയും ഒരൊ യാത്രകളിൽ വായാലെ ദൈവവചനം പ്രസംഗിക്കയും ഇങ്ങിനെ പല പ്രയത്നവും ചെയ്തു കൊണ്ടിരിക്കുന്നു- തുരുത്തിയുടെ വടക്കെ ഭാഗത്തു കിടക്കുന്ന മഹിം നഗരത്തിൽ പാൎക്കുന്നവർ മിക്കതും പൊൎത്തുഗീസർ തന്നെ-

ബൊമ്പായിക്കു സമീപമുള്ള ഗരിപുരി തുരുത്തിയിൽ പൂൎവ്വകാലത്തു പാറയിൽ കൊത്തി ഉണ്ടാക്കിയ ക്ഷെത്രങ്ങളും ബിംബങ്ങളും അല്ലാതെ വിശെഷിച്ചു കാണ്മാൻ ഒന്നുമില്ല-

ശ്രീസ്ഥാനം എന്നു പെരുള്ള തുരുത്തിയുടെ നീളം ഏകദേശം ൩॥ കാതം വീതി ൧॥ കാതം ആകുന്നു ബൊമ്പായിക്കു തെക്കും സമീപമാകുന്നു- അതിലെ നിവാസികൾ ഏകദേശം ൫൦൦൦൦ അവർ മിക്കതും മരാട്ടിക്കാർ പ്രധാനസ്ഥലങ്ങൾ തന്നാ- വസ്സായ- ഈ രണ്ടു അത്രെ—

൧൭. ഗംഗാനദി പ്രവാഹം.

ഗംഗാ യമുനാനദികൾ ഹിമാലയ പൎവ്വതത്തിൽ നിന്നു ഉത്ഭവിച്ചു മലകളിലും പാറകളിലും വിള്ളലുകളിലും കൂടെ തെക്കൊട്ടു പ്രവഹിച്ചു ഹരിദ്വാരം ശഹറൻപൂർ എന്നീ രണ്ടു സ്ഥലങ്ങളുടെ സമീപത്തു വെച്ചു മലപ്രദെശം വിട്ടു ദില്ലിരാജ്യത്തിൽ പ്രവെശിച്ചു ഏകദേശം ൧൭ കാതം ആയിട്ടു അകന്നു അല്പം തെക്കൊട്ടൊഴുകിയ ശെഷം കിഴക്കൊട്ടു തിരിഞ്ഞു അലഹാബാദ് പട്ടണത്തിന്റെ അരികിൽ വെച്ചു ൧൦൦ നാഴികയൊളം കാതം വഴി പ്രവഹിച്ചതിന്റെ ശെഷം ഒന്നായി ചെൎന്നു വരുന്നു- യമുനാനദിയൊടു ചെരുന്ന പുഴകളൊക്കയും വിന്ധ്യമ

ഷപ്രദേശങ്ങളിൽനിന്നു തുടങ്ങി വടക്കോട്ടു പ്രവഹിച്ചുകൊണ്ടിരിക്കുന്നു- അവറ്റിൽ വിശിഷ്ട മായവ ചൎമ്മണ്വതി- സിന്ധു- വേത്രവതി മുതലായവ ഇവറ്റിന്റെ ഉത്ഭവസ്ഥാനത്താൽ പറഞ്ഞുവല്ലൊ ഗംഗാനദിക്കുള്ള ഉപനദികൾ മിക്കവാറും ഹിമാലയത്തിൽനിന്നു തുടങ്ങി തെക്കോട്ടു ചെന്നു അതിൽ ചേരുന്നു- വിശേഷമുള്ളവ രാമഗംഗാ- ഗോമതി- സരയൂ- ഭവ നാശിനി- ഗണ്ഡകി- കൌശികി- ത്രിസ്രോതാ മുതലായവ തന്നെ ദേവപ്രയാഗത്തിൽനിന്നു കി ഴക്കോട്ടു പണ്ടത്തെ പാടലിപുത്രസമീപത്തു ബുണ്ടെലഖണ്ഡം എന്ന മലനാട്ടിൽനിന്നു തുടങ്ങി മലകളുടെ വടക്കോട്ടൊഴുകി ചെല്ലുന്ന ശോണാനദിയെയും ചേൎന്നുവരുന്നു വേറെ അസംഖ്യ പുഴകളിൽ വിശിഷ്ടമായ ബ്രഹ്മപുത്രനദി തിബെത്ത്- അസ്സാം മുതലായ കുന്നത്ത ദേശങ്ങളിൽ കൂടെ പ്രവഹിച്ചു തെക്കോട്ടു തിരിഞ്ഞു ബങ്കാളമുതലായ നാടുകളിൽ കൂടി ചെന്നു സമുദ്രത്തിൽ കൂട മുമ്പെ ഗംഗയുടെ കിഴക്കെ കൈയോടു ചെന്നു വരുന്നു- ഇപ്രകാരം അനെക നദികൾ കൂടുന്ന സംഗതി യാൽ ഗംഗാ അത്യന്തം വൎദ്ധിച്ചു ദേവപ്രയാഗത്തിൽനിന്നു കിഴക്കെ തെക്കോട്ടു ബങ്കാളദേശങ്ങളെ ടഴുകി അനേക കൈകളായി പിരിഞ്ഞു ബങ്കാളസമുദ്രത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കു ന്നു- ഉത്ഭവസ്ഥാനം തുടങ്ങി അഴിമുഖത്തോളം ഏകദേശം ൧൫൦ കാതം വഴിദൂരം ഗംഗാനദി സകല ഉപനദികളോടും കൂടെ ഒഴുകിവരുന്ന ദേശത്തിന്റെ വിസ്താരം ഏകദേശം ൧൦൦൦൦ ച തുരശ്ര യോജന- ഈ വലിയ ദേശാവസ്ഥ അല്പമെങ്കിലും ഗ്രഹിക്കേണ്ടതിന്നു മൂന്നായിട്ടു അംശങ്ങളായി വിഭാഗിക്കേണ്ടതാകുന്നു—

൧.) ഗംഗാ യമുനാ നദികളുടെ നടുനാടു-

ഹരിദ്വാരം- ശ്രീരാമപുരം ഈ രണ്ടു പട്ടണങ്ങൾക്കു സമീപം രണ്ടു നദികൾ ഹിമാലയപൎവ്വതം വിട്ടു തെക്കോട്ടൊഴുകി അലഹാബാദ് പട്ടണത്തിന്നരികെ ഒന്നായി ചേൎന്നു വരുന്നു എന്നു മീത്തൽ പ റഞ്ഞുവല്ലൊ- അവറ്റിന്റെ നടുവിലുള്ള ദേശത്തിന്നു ദ്വിനദം എന്ന പേർ വന്നു- അതിന്റെ ഉ ത്തിനെക്കുറിച്ചു വളരെ പറവാനില്ല വടക്കെ അംശം ഒഴികെ ദേശം മിക്കവാറും താണഭൂമി തന്നെ വെള്ളത്തിന്നു ക്ഷാമമില്ലാ- മുക്കാലും ശീതഭൂമിയായ ഹിമാലയപൎവ്വതത്തിന്നു സമീപ മായി കിടക്കുന്നു എങ്കിലും അതിന്റെ തെക്കെ അംശങ്ങളിൽ ഉഷ്ണവും വെയിലും ഉണ്ടാക ന്നതിനാലും പലവക ധാന്യാദികൾ എല്ലാം പുഷ്ടിയോടെ ഉളവാകുന്നു- ഈ ദ്വിനദവും അതിന്നടുത്ത ദേശങ്ങളും ഹിന്തുശാസ്ത്രത്തിൽ കീൎത്തിക്കപ്പെട്ടതെങ്കിലും മുസല്മാനർ സിന്ധുനദി യെ കടന്നു ഭാരതഖണ്ഡത്തിൽ വന്നു ആക്രമിച്ചു നാൾ മുതൽ മഹാക്ഷേത്രങ്ങളുടെ മാഹാത്മ്യവും

ഹിന്തുരാജാക്കളുടെ അതിശയരാജധാനികളും കഴിച്ചുങ്ങുള്ള മുസല്മാനരുടെ മതവൈരാഗ്യംകൊ
വസ്ത്രശ്രീ ഐശ്വര്യപരാക്രമം ഇത്യാദികളെകൊണ്ടു നശിച്ചുകിടക്കുന്ന ക്ഷത്രം-ഹസ്തിനാപുരം-ഇ
ന്ദ്രപ്രസ്ഥം-കന്യാകുബ്ജം-മുതലായ നഗരങ്ങൾ കാണുന്ന കുന്നിൻതിട്ടകളും ചെയ്തു-നിവാസികളി
ൽ ആധിക്യം പ്രാപിച്ചവർ ഹിന്തുക്കളല്ല മുസല്മാനർ തന്നെ എന്നുകൂടെ കൊണ്ടു ദെശത്തിന്റെ
ശൊഭയും കുറഞ്ഞു വളെടവും മരുഭൂമിയായിരിക്കുന്നു-ഇപ്പൊഴത്തെ മുഖ്യമായ പട്ടണങ്ങൾ മി
ക്കവാറും ഗംഗാ-യമുനാനദികളുടെ കരപ്രദെശത്തു തന്നെ കിടക്കുന്നു-മീരത്ത് ബിഹ്രു
പട്ടണം മാത്രം രണ്ടു നദികളിൽനിന്നും സമദൂരവഴിയായി ദെശത്തിന്റെ മദ്ധ്യത്തിൽ കന്യാ
കുബ്ജപട്ടണസമീപത്തു ഗംഗയൊടു ചെന്നുവരുന്ന കാളിപ്പുഴയുടെ അരികിൽ തന്നെ കിടക്കുന്നു-
വിലാത്തിക്കാൎക്ക് വാഴ്വാൻ നല്ല സ്ഥലമാകകൊണ്ടു ഇങ്ക്ലിഷ്കാർ ചില പട്ടാളങ്ങളെ അവിടെ പാ
ൎപ്പിച്ചുവരുന്നു-പട്ടണത്തിന്നു വിശെഷമായൊരലങ്കാരമില്ല-നിവാസികളുടെ സംഖ്യ ഏകദെ
ശം ൧൦൦൦൦൦ യമുനാപുഴവക്കത്തുള്ള പട്ടണങ്ങൾ ഡില്ലി-മധുര-ആഗ്ര-കല്പി മുതലായവ അത്രെ
കുരുരാജാക്കന്മാരുടെ രാജധാനിയായ ഇന്ദ്രപ്രസ്ഥം പണ്ടു ശൊഭിച്ച ദെശത്തു മുസല്മാൻ
കൈസൎമ്മാരുടെ പ്രധാനപട്ടണമായ ഡില്ലി എന്ന കൊവിലകങ്ങൾ-മുസല്മാൻ പള്ളിക
ൾ-വിദ്യാലയങ്ങൾ മുതലായ അതിശയപണികളൊടു കൂടെ ഏകദെശം ൭ ചതുരശ്രക്കാതം വി
സ്താരത്തിൽ ൨ലക്ഷം നിവാസികൾക്കു ഇരിപ്പിടമായിരുന്നു ഏകദെശം ൧൦൦ സംവത്സരത്തിന്ന
കം പലയുദ്ധങ്ങൾ നടന്ന സംഗതിയാൽ കൂടക്കൂടെ നശിച്ചും പുതുതായി ഉദിച്ചും അത്യലങ്കൃതമാ
യി ശൊഭിച്ചതിന്റെ ശെഷം മഹാരാജ്യം കഴിഞ്ഞു ഒരൊ ഖണ്ഡങ്ങളായി മരാട്ടി-ഇങ്ക്ലിഷ്
കാർ മുതലായവരുടെ വശത്തിൽ വന്ന നാൾ മുതൽ പട്ടണവും അത്യന്തം താണു അതിശയ
മായ ശെഷിപ്പുകളെക്കൊണ്ടത്രെ പണ്ടത്തെ മാഹാത്മ്യം ഇപ്പൊൾ കാണിക്കുന്നത് ഇപ്പൊഴു
ള്ള കൈസൎക്കു ശുഭനാമവും വലിയമാസപ്പടിയുമല്ലാതെ കണ്ടവാഴ്ച ഒന്നും ശെഷിച്ചി
ട്ടുമില്ല നിവാസികളുടെ സംഖ്യ ഇപ്പൊൾ ഏകദെശം ൨ലക്ഷം ആകുന്നു-

കെരളപഴമ

൫൰. കൃഷ്ണരായൎക്ക് ദൂതയച്ചു ഗൊവയിൽനിന്നു വാങ്ങിയൊയത്

ആനെഗുന്തിയിൽ അക്കാലം വാഴുന്നവൻ നരസിംഹരായരുടെ അനുജനായ വീരകൃഷ്ണദെ
വരായർ തന്നെ-മറ്റെല്ലാ രായരിലും ശ്രീത്വം ഏറിയവൻ തന്നെ-ഇവനൊടു മമതയുണ്ടാ
ക്കി ഇസ്ലാമിന്നു ദക്ഷിണഖണ്ഡത്തിൽ വാഴ്ചയില്ലാതാക്കുവാൻ വിഷമമില്ല എന്നു അല്പു

ടെയ്ക്ക കിസ്ത്ലൂയിസ്സ പാതിരിയെ തന്റെ ദൂതനാക്കി തുംഗഭദ്രാതീരത്തുള്ള നഗരത്തിലെക്കയച്ചു- അവനൊടു കൂടെ ദ്വിഭാഷിയായ ഗസ്പാരെയും കാഴ്ചക്ക വെഗതയുള്ള കുതിരകളെയും അയച്ചു- ഉണ്ടായ വൎത്തമാനങ്ങളെ എല്ലാം രായരെ അറിയിച്ചു ക്രിസ്തവെദത്തിന്റെ സാരാംശവും ബൊധിപ്പിച്ചു രായരുടെ ഇങ്ങെ പക്ഷത്തിന്ന അനുകൂലനായി മെല്ക്കണം മലയാളത്തിന്നു മാപ്പിള്ളമാരെ നീക്കെണ്ടതിന്നു വട ചെന്നു നൊക്കുകയില്ലയൊ നിങ്ങൾ ചുരത്തിൻ വഴിയായി ഇറങ്ങിവന്നു ആക്രമിച്ചാൽ നാം കടൽ വഴിയായി എന്നു വിഷമിപ്പിക്കാം. എന്നാൽ കുതിരക്കച്ചവടത്തിന്നു വൈകല്യം ഒന്നും വരികയില്ല- വിശെഷിച്ചു മംഗലാപുരം താൻ ഭട്ടക്കളം താൻ നമുക്കു നല്ല സ്ഥാനമാകുന്ന പ്രകാരം തൊന്നുന്നു- അവിടെ കൊട്ട എടുപ്പിപ്പാൻ അനുവാദം തരുന്നു എങ്കിൽ നിങ്ങൾ്ക്കല്ലാതെ മററ ഒരുത്തൎക്കും കുതിരകൾ വരാതിരിക്കെണ്ടതിന്നു ഞങ്ങൾ കടലിനെ അടെച്ചുവെക്കാം- എന്നിങ്ങിനെ പലപ്രകാരം കാൎയ്യവിചാരം തുടങ്ങുവാൻ പാതിരിയെ നിയൊഗിച്ചു വിട്ടുകയും ചെയ്തു-

എങ്കിലും ഗൊവയിൽ നമ്മാസം അല്ല സൌഖ്യത്തൊടെ നിന്നു പാൎത്തത്- ആദിൽഖാൻ ചുരത്തിമെൽ നിന്ന് ഇറങ്ങിവന്നപ്പൊൾ കൊററ നഗരത്തിന്നകത്ത് ഒട്ടും വരാതിരിക്കുമാറാക്കി വഴികളെയും അടെച്ചുവെച്ചു ക്രമത്താൽ പിന്നെ നഗരക്കാരും കലഹിച്ചു തുടങ്ങിയപ്പൊൾ അല്ബുകെൎക്ക് നഗരത്തെ വിട്ടു റാവന്തിൽ വാങ്ങിപ്പാൎക്കേണ്ടിവന്നു- അവിടെ ക്ലെശിച്ചു വസിച്ചു ശത്രുക്കളൊടും വിശപ്പൊടും പൊരുതുകൊണ്ടു മഴക്കാലം കഴിച്ചു- പലപറങ്കികളും ദീനപ്പെട്ടു മരിച്ചു മറെറവർ വയറു നിറെപ്പാൻ മറുപക്ഷം തിരിഞ്ഞു തൊപ്പിയിട്ട ശെഷം അല്ബുകെൎക്ക് മഴക്കില്ലാത്ത ദിവസം വന്നപ്പൊൾ ശെഷിച്ചവരൊടു കൂട കപ്പലെറി അഞ്ചുദ്വീപിൽ ചെന്നിറങ്ങി തല്ക്കാലം ആശ്വസിച്ചുകൊൾ്കയും ചെയ്തു (ക്രി. ൧൫൧൦ ആഗുസ്ത)

൫൫. അല്ബുകെൎക്ക് ഉണ്ണിരാമ കൊയില്ക്കു വാഴ്ച ഉറപ്പിച്ചതു—

അഞ്ചുദ്വീപിലും ഹൊന്നാവരിലും എത്തിയപ്പൊൾ പിന്നെയും ഗൊവയെ കൊള്ളെണ്ടിവരുമല്ലൊ എന്നു വെച്ചു അല്ബുകെൎക്ക് പടെക്ക പലപ്രകാരത്തിലും കൂട്ടിയിട്ടു മലയാളത്തിൽ നിന്നും സഹായം പ്രാപിക്കെണ്ടതിന്നു തെക്കോട്ട് ഓടുകയും ചെയ്തു- (ക്രി. ൧൫൧൦ സെപ്ത.) കണ്ണനൂരിൽ അണഞ്ഞു കൊലത്തിരിയൊടു കൂടികാഴ്ചക്കായി കൊട്ടയുടെ മുമ്പിൽ ഒരു കൂടാരത്തിൽ ചെന്നു കണ്ടു- അവിടെ രാജാവും മമ്മാലിമരക്കാരും കണ്ണനൂർ ഒശീർ രായ ചെന്നിച്ചെട്ടിക്കു ഉപ്പട്ടതലായ മഹാലൊകരും മറ്റും കണ്ട് അന്യൊന്യം കുശലവാക്കുകൾ പറകയും ചെയ്തു-

അവിടുന്നു കൊച്ചികൃഷ്ണന്റെ കത്തുകളെ വാങ്ങിച്ചു മടിയാതെ പുറപ്പെട്ടു കൊച്ചിയിൽ എത്തിയാറെ
മൂത്തരാജാവ് മരിച്ചതിനാൽ കോവിലകത്തു കലശൽ വലിയതെന്ന വർദ്ധിച്ച പ്രകാരം കേ
ട്ടു - അതിന്റെ ഹേതു സ്വരൂപത്തിന്റെ ആചാരത്തിൽ ഉദിച്ചു പറഞ്ഞുവല്ലൊ - മൂപ്പുമുറ സമ്പ്ര
ദായം എന്തെന്നാൽ മൂത്തരാജാവ് സന്ന്യാസം ദീക്ഷിച്ചു ക്ഷേത്രവാസിയായി ഇരിപ്പെട്ടാൽ
വാഴുന്ന രാജാവ് രാജ്യഭാരം നേരെ അനന്തരവർക്കൽ ഏല്പിച്ചു മൂത്തവനെ അനുഗമിച്ചു സ
ന്യാസം തുടങ്ങേണം എന്നത്രെ - അതു കൊണ്ടു ഉണ്ണി ഗോദവർമ്മർ തിരിപ്പെട്ട പ്രകാരം കേട്ടാറെ
മുമ്പെ ദ്വേഷിച്ചു പോയ അനന്തരവൻ താമൂതിരിയുടെ പടജ്ജനങ്ങളുമായി വെപ്പിൻകോ
ട്ടം വന്നു ഉണ്ണിരാമക്കോയിൽ ചൊല്ലിവിട്ടിതു പ്രകാരം - ഞങ്ങൾ പറങ്കികളുടെ ചൊൽക്കീഴ് എ
ന്റെ അവകാശം തള്ളി നാലുമിലാനം വർഷം വാണുകൊണ്ടതിനാൽ ഏറിയ വേദന
ഉണ്ടു - ഇപ്പോൾ മാത്രം ഞങ്ങൾക്കു ബോധം ഉണ്ടായിട്ടു രാജ്യം എങ്കൽ ഏല്പിച്ചു ക്ഷേത്രവാസം തുടങ്ങി
യാൽ എല്ലാം പൊറുക്കാം - പൂർവ്വമര്യാദ അറിയാമല്ലൊ മറന്നു എങ്കിൽ ബ്രാഹ്മണരോടു
ചോദിച്ചറികയും ചെയ്യാം - എന്നിങ്ങിനെ എല്ലാം കേട്ടാറെ പെരിമ്പടപ്പു പറങ്കി കൃഷ്ണരുമായി
നിരൂപിച്ചു രാജ്യം വിട്ടുകൊടുക്കയില്ല എന്നു നിശ്ചയിച്ചു - പിന്നെ താമൂതിരിയുടെ പട വന്നി
ച്ചു അതിക്രമിച്ചപ്പോൾ ബ്രാഹ്മണരും വന്നു പലപ്രകാരം മുട്ടിച്ചു മുറക്കിട്ടു വെണ്ണങ്ങളും മന്ത്രിച്ചു തു
ടങ്ങിയശേഷം രാജാവ് നന്ന ക്ലേശിച്ചു എനിക്കു ന്യായം ഇല്ലല്ലൊ എന്നു മനസ്സിൽ കണ്ടു
ണ്ടായിട്ടു മൂത്തരാജാവിൻ കോവിലകം വിട്ടു വെറെ പാർക്കയും ചെയ്തു - ഉടനെ പറങ്കികൾ
കേട്ടാറെ കോട്ടയിൽ കൃഷ്ണനായകന്റെ കാന്താൽ ബ്രക്കു ഉടനെ ചെന്നു രാജാവെ കണ്ടു കാരണം
ചോദിച്ചറിഞ്ഞാറെ സമ്പ്രദായനിഷ്ഠ ഇമ്മിത്തം ഹിന്തുരാജാക്കന്മാരും അകപ്പെട്ട ദൗര്യ
ത്തെ കുറിച്ചു വളരെ വിസ്മയിച്ചു ചിരിപ്പാൻ തുടങ്ങുകയും ചെയ്തു - പിന്നെ രാജാവിന്റെ കണ്ണീർക
ണ്ടു ക്ഷമ ചോദിച്ചു മനം തെളിവിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു - അന്നു ഉള്ള ഉത്തമരാജാവെ
കൊച്ചിയിൽ വന്ന പറങ്കികളുടെ ഭാവം ഗ്രഹിച്ചു പെരിമ്പടപ്പോടും കോട്ട കൃഷ്ണനോടു മുഖസ്തുതി
പറവാൻ തുടങ്ങിയതിൽ ഞങ്ങളോടു ചന്ദ്രാദിത്യർ ഉള്ളളവും നിന്തിരുവടികൂടക്കീഴെ ഉടയവാഴ്ച
നടത്തുകയുമാം എന്നു കൈയേറ്റ പ്രകാരം പ്രമാണം എഴുതിച്ചു ഒപ്പിട്ടു കൊടുക്കയും ചെയ്തു - അതി
നാൽ രാജാവിൻ മനം കുറയ തെളിഞ്ഞതല്ലാതെ ശേഷം ചില മാടമ്പികളും ഇടപ്രഭുക്കന്മാ
രും ബ്രാഹ്മണർ വിധിച്ച വഴിപ്പെടേണമെ എന്നു ശങ്കിച്ചു - ഉണ്ണിരാമൻ താമസം കൂടാതെ
വടക്കെ അതിരിൽ ഒഴിവുള്ള കടവുകളെയും കാത്തു പാർക്കയും ചെയ്തു -

F. Müller. Editor.

നമ്പ്ര ഒന്നിന്ന ൧൧., നമ്പ്ര

പശ്ചിമോദയം

൧ പൈസ്സവില ൧൮൪൯. നവെമ്പ്ര

തലശ്ശെരി

ഭൂമിശാസ്ത്രം

ഭരതഖണ്ഡം

൩, മദ്ധ്യഖണ്ഡം

ദില്ലിയിൽനിന്ന ഏകദെശം ൧൨൫ കാതം തെക്കൊട്ട യമുനാനദിക്കുടെ പടിഞ്ഞാറെ കരയിൽ മധുരാനഗരവും അതിന്നസമീപെ വൃന്ദാവനവും പല ക്ഷെത്രങ്ങളൊടു കൂട ശൊഭിച്ചു കിടക്കുന്നു- മധുരയിൽ ഇങ്ക്ലിഷ്ക്കാർ പല പട്ടാളങ്ങളെ പാർപ്പിച്ചു വരുന്നു- ആയതല്ലാതെ അതിൽ വിശെഷിച്ചതൊന്നും കാണ്മാനില്ല- കൃഷ്ണൻ അതിൽ ജനിച്ചു വൃന്ദാവനത്തിൽ ഇടയനായി കിടാപം കഴിച്ചു എന്നൊരു കഥകളെക്കൊണ്ടത്രെ ആ സ്ഥലങ്ങൾക്ക ഇന്നെയൊളം അല്പം ഒരു കീർത്തി ശെഷിച്ചിരിക്കുന്നു- മധുരയിൽനിന്ന ഏകദെശം ൭ കാതം വഴി തെക്കൊട്ട ആഗരാ പട്ടണം യമുനാനദിക്കുടെ പടിഞ്ഞാറെ കരമെൽ ഇരിക്കുന്നു- ആയത പണ്ടൊരു ചെറിയ ഗ്രാമമത്രെ ആയിരുന്നു- തുലുക്കർ പാദിശാ ആ സ്ഥലം രാജധാനിക്കു കൊള്ളാം എന്നു വെച്ചു കൊവിലകങ്ങളെയും മറ്റും പണിയിച്ചനാൾ മുതൽ മഹാലൊകർ പലരും അങ്ങൊട്ടു ചെന്ന ഭവനങ്ങളെയും കെട്ടി പാൎത്ത വ്യാപാരവും വൎദ്ധിച്ചത്രെ കൊണ്ടു അത് എത്രയും വിസ്താരവും ജനപുഷ്ടിയുമുള്ള നഗരമായിതീൎന്നു- രാജ്യക്ഷയത്തൊടു കൂട നഗരത്തിന്നും താഴ്ചയും നാശവും പറ്റിയെങ്കിലും ഇപ്പൊൾ ഇങ്ക്ലിഷ്ക്കാരുടെ വടക്കെ സംസ്ഥാനത്തിലെ പ്രധാന പട്ടണമാകുന്നെങ്കിലും നിവാസികളുടെ സംഖ്യ ൭൦൦൦൦ മാത്രം പൊരും- പണ്ടെത്ത മഹത്വത്തിന്റെ അതിശയമായ ശെഷിപ്പുകൾ ഉള്ളവ വളരെ കാണ്മാനുണ്ടതാനും- അതിനൊട്ടു ചെന്ന കൊട്ടക്ക അക്ബരാബാദ എന്ന പെർ- ആഗരാ പട്ടണത്തിന്റെ ചുറ്റുമുള്ള നാട്ടു കൃഷിക്ക് ഉചിതം തന്നെ- നെല്ലു മുതലായ ധാന്യങ്ങളല്ലാതെ ആ നാട്ടുകാർ പുകയില- കരിമ്പ മറ്റും കൃഷികളെ നടത്തിവരുന്നു-

ഗംഗാതീരത്തിങ്കലെ മുഖ്യപട്ടണങ്ങൾ- ഫറക്കാബാദ- കന്യകുബ്ജം- കാൺപൂർ ഇവ തന്നെ- അതിൽ വടക്കുള്ളത ഫറക്കാബാദ അത ഗംഗക്കുടെ പടിഞ്ഞാറെ കരമെൽ ഏകദെശം ൭൦൦൦൦ നിവാസികളൊടും കൂട ആ നാട്ടിലെ പ്രധാനപട്ടണമായി കിടക്കുന്നു- അതിന്ന

സമീപം ഇങ്ക്ലിഷ്പട്ടാളങ്ങളുടെ വാസസ്ഥലമായ പാളയം ഉണ്ടു-

കന്യാകുബ്ജം (കനൊജ്) നഗരം ഗംഗകരയിൽ നീണ്ടുകിടക്കുന്ന ഒരു തെരുവീഥിയായി തീരുന്നു- അതിന്റെ ചുറ്റും പൊങ്ങിനില്ക്കുന്ന കുന്നുകളും മതിലുകളുടെ കഷണങ്ങളും ഹിന്ദുമുസല്മാനരുടെ ശ്മശാനങ്ങളും അല്ലാതെ പണ്ടെത്തെ അതിശയമായ നഗരത്തിന്റെ ശെഷിപ്പുകളൊന്നും കാണ്മാനില്ല- അതിൽനിന്നു തെക്കൊട്ടു നദിയുടെ പടിഞ്ഞാറെ കരയിലിരിക്കുന്ന കവന്പൂർ പട്ടണത്തിൽ അതിർകാവലിന്നായി ഇങ്ക്ലിഷ്പട്ടാളങ്ങൾ പാൎത്തുവരുന്നു- അവിടെ നിവാസികൾ പല കൃഷികളെയും നടത്തി നദിസമീപമാക കൊണ്ടു കച്ചവടത്തിന്നും മറ്റും ഒരൊ തൊണിപ്പാത്തികളെയും കെട്ടുന്നുവരുന്നു-

൪. രൊഹില്ലഖണ്ഡം

കിഴക്കു അയൊദ്ധ്യാരാജ്യം- തെക്കും പടിഞ്ഞാറും ഗംഗാനദി- വടക്കു ഹിമാലയപൎവ്വതം ഈ അതിരുകൾക്കകത്തു രൊഹില്ലനാട്ടു ത്രികൊണരൂപെണ കിടക്കുന്നു- അതിന്റെ പടിഞ്ഞാറെ അതിരാകിതെക്കൊഴുകുന്ന മഹാഗംഗാനദിയൊളിക്കെ ഏകദെശം നാട്ടിന്റെ നടുവിൽ കൂടി ഹിമാലയപൎവ്വതത്തിൽ ഉത്ഭവിച്ചുവരുന്ന രാമഗംഗ- കൊസ മുതലായ പുഴകൾ തെക്കൊട്ടു പ്രവഹിച്ചു കൃഷിക്കും മറ്റും വെണ്ടുന്ന വെള്ളം ധാരാളമായി കൊടുത്തുകൊണ്ടിരിക്കുന്നു- രാജ്യത്തിന്റെ വടക്കെ അംശം മിക്കതും മലനാട്ടു തന്നെ- മെലങ്ങളൊളം കയറി നില്ക്കുന്ന ഹിമാലയപൎവ്വതശിഖരങ്ങളെ അവിടെ നിന്നു കാണാം- ഹിന്ദുസ്ഥാനങ്ങൾ നഗരികളില്ലായ്ക കൊണ്ടു ഈ രാജ്യം പാൎപ്പിന്നു നന്നെന്നു വെച്ചു പാദിശാക്കളുടെ കാലത്തിൽ ഒരൊ നവാബുകളും മഹാലൊകരും അങ്ങൊട്ടു ചെന്നു കൊവിലകങ്ങളെയും കൊട്ടകളെയും കെട്ടി ചുവാക്കൊണ്ടു താണങ്ങാതിങ്ങളും നാട്ടിൽ നിറഞ്ഞു രാജ്യം തൊട്ടത്തിന്നു സമമാസ്ഥിതികയും ചെയ്തു- ൧൮൦൨ൽ- ആ- അവിടെക്കും ഇങ്ക്ലിഷ്കാൎക്കു അധികാരവും ആധിപത്യവും വന്നു- നിവാസികൾ വിശെഷിച്ചു ഹിന്ദുക്കളും- മുസല്മാനരും തന്നെ- മുസല്മാനരിൽ ഒരംശം അപ്ഘാനർ ആകുന്നു- അവൎക്കു തന്നെ രൊഹില്ലർ എന്ന പെർ വന്നതു- കാശിപൂർ- രാമപുരി- അല്മൊരം- പിലിഭീട്ടു നഗരങ്ങൾ മിക്കതും പുഴകളുടെ കരമെൽ ഇരിക്കുന്നു- അല്മൊരത്തിലെ നിവാസികൾ ഏകദെശം ൩൦൦൦൦-

൫. അയൊദ്ധ്യാരാജ്യം

അതു രൊഹില്ലഖണ്ഡത്തിൽ നിന്നും നെപാളരാജ്യത്തിൽ നിന്നും തെക്കൊട്ടു ഗംഗാനദിയൊ

ളവും കിഴക്കൊട്ടു ബെഹാർ ദെശത്തൊളവും പരന്നു കിടക്കുന്ന ദെശം ഫലപുഷ്പങ്ങൾ
ഉത്സവസന്തൊഷമായും നല്ല ക്ഷെമത്തിന്നും ജനങ്ങൾക്കു വാസസ്ഥലമായും കിടക്കുന്നു - ഈ ബംഗാള
ഴികെ ചിലെടത്ത് നാട്ടുകളൊക്കയും ഇങ്ക്ലിഷ്കാരുടെ വശത്തിൽ ഇരിക്കുന്നു എങ്കിലും
അയൊദ്ധ്യാരാജാവിന്നു ഇതുവരെക്കും അല്പമൊരു സ്വാതന്ത്ര്യം ശെഷിച്ചിരിക്കുന്നു - അവ
ന്റെ പ്രജകൾക്കു ഞെരിക്കവും അധമവ്യവസ്ഥയും മാത്രം ദിവസെന വർദ്ധിച്ചു വർദ്ധിച്ചു വരു
ന്നതെ ഉള്ളു - രാജാക്കന്മാരുടെ ലൊഭാഗ്രഹവും മഹാപാതകം ക്ഷയവും ഹെതുവായി പ്രജകൾ നിസ്സാ
രക്ഷിപ്പിനൊടങ്ങൾക്കു കിട്ടുന്ന ധാന്യങ്ങളെ മിക്കതും രാജഖജാനത്തിൽ കൊടുത്തയക്ക
ക്കണ്ടി വരുന്നു - ദെശം കൃഷിക്കും മറ്റും എത്ര ഉചിതമെങ്കിലും പ്രജകൾ അനുഭവം ഏതുമി
ല്ലെന്നു കണ്ടിട്ട് അവകാശപണി ചെയ്യായ്കയാൽ മരുഭൂമിയായും ദാരിദ്ര്യവും ഏറെയും വരുന്നവ
ർദ്ധിക്കുന്നു - ഈ വകാസ്ക്കടങ്ങളെ നീക്കെണ്ടതിന്നു ഇങ്ക്ലിഷ്കാർ ആ രാജ്യത്തിൽ ഇതുവരെക്കും
വിശെഷിച്ചൊന്നും ചെയ്വാൻ സംഗതി വന്നില്ല - അവരുടെ മന്ത്രിയും പട്ടാളങ്ങളും രാജ്യത്തി
ൽ പാർക്കുന്നെങ്കിലും രാജാവ് പരസ്യമാക്കി ഒരു വിരൊധം കാട്ടാതെ അവരൊടു ഉള്ള കരാർ
പ്രകാരം നടക്കകൊണ്ടു രാജ്യവ്യവസ്ഥയെ കുറിച്ചു അവനൊടു നല്ല ബുദ്ധി പറകയല്ലാതെ
കണ്ടു അവർക്കൊന്നും ചെയ്വാൻ ന്യായമില്ല - ഇങ്ങിനെ രാജ്യക്കാർ മിക്കവാറും രാജാവി
കൽ നിന്നും മന്ത്രികൾ മുതലായ കാര്യസ്ഥന്മാരിൽ നിന്നും ഉള്ള ഉപദ്രവങ്ങൾ ഹെതുവായിട്ടും
വിച്ചു വലഞ്ഞു കിടക്കുന്നു - ശൊഭയും ധനപുഷ്ടിയും രാജഗൃഹങ്ങളിലെ കാണുന്നുള്ളു - രാ
ജ്യത്തിൽ മുഖ്യപട്ടണങ്ങൾ രണ്ടു മൂന്നെ കാണുന്നുള്ളു - അതിൽ അതിപുരാണവും പ്രസിദ്ധവും
രാമായണത്തിൽ വർണ്ണിതവുമായ അയൊദ്ധ്യനഗരം തന്നെ - അത് ഹിമാലയത്തിൽ ഉത്ഭവി
ച്ചു തെക്കൊട്ടൊഴുകി ഗംഗയിൽ കൂടുന്ന സരയു (ഘൊഘ്ര) പുഴയുടെ കരമെൽ ഇരിക്കുന്നു -
ഇപ്പൊഴത്തെ നഗരത്തിന്നു ചുറ്റും കിടക്കുന്ന കുന്നുകളും മതിൽ കഷണങ്ങളും പണ്ടെത്തതി
ന്റെ വിസ്താരം സൂചിപ്പിക്കുന്നു - ശൊഭയും ധനമാഹാത്മ്യവും എല്ലാം ക്ഷയിച്ചു നഗരം മ
ത്രയും നികൃഷ്ടമായി തീർന്നിരിക്കുന്നു - അതിന്നു സമീപം ഫൈജാബാദ് എന്ന നവാബുക
ളുടെ മുമ്പെത്തെ രാജധാനി ഉണ്ടു - അതിൽ സ്വരൂപിച്ചു കിടക്കുന്ന രാജധനങ്ങൾ എല്ലാതെ വി
ശെഷമായൊരു ശൊഭയും ജനപുഷ്ടിയും കാണ്മാനില്ല - ഇപ്പൊഴത്തെ രാജധാനി നെ
പ്പാളനാട്ടിൽ നിന്നു പുറപ്പെട്ടു തെക്കൊട്ടു പ്രവഹിച്ചു ഗംഗയൊടു ചെരുന്ന ഗൊമതി നദിയു
ടെ പടിഞ്ഞാറെ കരമെൽ കിടക്കുന്ന ലക്നൊ (ലക്ക്നൌ) പട്ടണം തന്നെ ആകുന്നു —

അതിൽ നല്ല ക്ഷേത്രം നിവാസികളുണ്ടെന്ന കേൾക്കുന്നു ഹിന്തുശാസ്ത്രത്തിൽ വൎണ്ണിച്ചു കാണുന്ന പുരാണനഗരം നശിച്ചു ഇപ്പോഴത്തേതു അതിന്റെ ശേഷിപ്പുകളിന്മേൽ കിടക്കുന്നു - രാജാധിപന്റെ കോവിലകം ഒഴികെ പട്ടണത്തിൽ ശുഭമായതൊന്നുമില്ല - പ്രാവുകളെ പൊററി ഒരൊ കൌശലങ്ങളെ പഠിപ്പിക്കുക പല വിധ ഭിക്ഷകളെ നൊക്കി രസിക്ക ഇത്യാദി ദുസ്സാമൎത്ഥ്യ പ്രവൃത്തികൾ നവാബുകളും നിവാസികളും മുഖ്യ പണിക്കാരായിരിക്കുന്നു -

൫൨. ദ്വിനദത്തിന്റെ കിഴക്കെ അററം

നീല വൎണ്ണമുള്ള യമുനാനദി വെള്ളം മഞ്ഞനിറമായ ഗംഗാജലത്തൊടു ചേരുന്ന ദിക്കിൽ അള്ളഹാബാദ് നഗരം ഏകദേശം ൧൦൦൦൦൦ നിവാസികളൊടും കൂട ചില ഇങ്ക്ലിഷ പട്ടാളങ്ങൾക്കും സ്ഥാനികൾക്കും വാസസ്ഥലമായിരിക്കുന്നു - ചുററുമുള്ള നാടുകളിൽ കച്ചവടം നടത്തുവാൻ ഈ പട്ടണസ്ഥലം ശ്രെഷ്ഠമായതാകിലും ധനപുഷ്ടിയിൽ വിശേഷിച്ചു കാണായ്ക കൊണ്ടു നഗരത്തിന്നു ഫകീറാബാദ് എന്ന നികൃഷ്ടനാമം വന്നിരിക്കുന്നു - കൂടക്കൂട തീൎത്ഥസ്നാനത്തിന്നു ഒരൊ ദിക്കിൽനിന്ന അങ്ങൊട്ടു ചെന്നു ചെരുന്ന ജനസംഘങ്ങളെ കൊണ്ടു മാത്രമെ അല്പമൊരനുഭവം വരുന്നുള്ളു - അക്ബാർ കൈസർ പുഴവക്കത്തു പണിയിച്ചു ഉറപ്പുള്ള കൊട്ട ഇപ്പൊൾ കലഹക്കാരായ പല ഹിന്തു മഹാലൊകൎക്കു തടവു കാവലായിരിക്കുന്നു —

കേരളപഴമ

൫൫. തെക്കൊത്തുണ്ണിരാമകൊയില്ല്വാഴ്ച ഉറപ്പിച്ചതു (തീൎച്ച)

ചില ദിവസം കഴിഞ്ഞാറെ ദൂരത്ത ഒരു തൊണിക്കൽ പെരിങ്ങാട കണ്ടു ഇതുപക്ഷെ അനന്തവൻ എന്ന വിചാരിച്ചു പടവുകളെ നിയോഗിച്ചു പിന്തുടൎന്നു പിടിക്കേണ്ടിയപ്പൊൾ - അനന്തവനല്ല പള്ളിപ്പുറത്തു പ്രഭു എന്ന കണ്ടു അവനൊടു ചൊദിച്ചാറെ പെരിമ്പടപ്പു നന്ത്രവൻ മങ്ങാട്ടു കച്ചിളും പറവൂർ നമ്പിയാരും ഇങ്ങു ഇപ്പൊൾ വൈപ്പിൽ ക്ഷെത്രത്തിൽ തന്നെ ഉണ്ടെന്നും ആ നമ്പിയാർ ഉണ്ണിരാമകൊയിലെ കണ്ടു പറവാൻ വളരെ ആഗ്രഹിക്കുന്നു എന്നും കെട്ടു - മൂപ്പൻ തട്ടാൻ ഇങ്ങൾ ഇരുവരും കൊച്ചിക്ക പൊകരുത് ബ്രാഹ്മണരുടെ കൌശലം വെണ്ടു വെള്ളം അറിയാം എന്നെ കേട്ടുകട ചൊല്ലി പുഴക്കിൽ ആരെയും കടത്താതെ ഇരിപ്പാൻ പടയാളികളെ ഒട്ടു വളരെ കല്പിക്കയും ചെയ്തു - നമ്പിയാർ കാണ്മാൻ വരുന്ന പ്രകാരം പെരിമ്പടപ്പു കേട്ടപ്പൊൾ വളരെ വലഞ്ഞു കണ്ടക്കൊരമന്ത്രിയെ മൂപ്പന്നരികിലെക്ക അയച്ചു - നമ്പിയാരിൽ ഞങ്ങൾക്കു വളരെ മമതയുണ്ടു താമസം വിനാ കടത്തി

അഛകെങ്ങെ തിന്നവരെ അപെക്ഷിക്കുന്നു എന്നു ചൊല്ലിവിട്ടു - ആ കത്ത കെട്ടു നമ്പ്യാർ പ-
റഞ്ഞു നിങ്ങളുടെ ഇഷ്ടം പൊലെ ആകട്ടെ എങ്കിലും രാജ്യത്യാഗം ചെയ്വാൻ പെരിമ്പടപ്പിന്നു
കൂട തൊന്നിയാലും നമ്മുടെ രാജ്യാധികാരിയെ നിശ്ചയിക്കുമ്പൊൾ ചെയ്യരുതു അവരെ നി-
ൎബന്ധിച്ചു രാജ്യഭാരം ചെയ്യിപ്പാൻ തന്നെ ഇദ്ദെഹവും മതി എന്നു കെട്ടാറെയും - നമ്പി
യാരെ കൊച്ചിക്ക് അയക്കെണം എന്നു കണ്ടക്കൊരൻ പിന്നെയും മുട്ടിച്ചു പൊന്നു - അത
ുകൊണ്ടു നൊ അവനെ ഉഗ്രം ശിക്ഷ പാപ്പിച്ചു നമ്പിയാരെ ഘൊഷത്തൊടു കൂട അല്പം
കൂറ്റു ചങ്ങാതരൊടു കൂട നഗരത്തിലെക്ക് അയച്ചു അല്പുകെൎക്ക് വരുത്തുവാൻ കണ്ണ
നൂരിലെക്ക് എഴുതി പുഴയുദ്ധം തുടൎന്നു അതിർ രക്ഷിക്കയും ചെയ്തു - മാററാനൊടു കര
മെൽ എല്പാൻ അന്നു വറക്കിക്കാൻ തുമ്പ പൊരാഞ്ഞതെ ഉള്ളു -

അല്പുകെൎക്ക് കൊച്ചിയിൽ എത്തിയപ്പൊൾ പെരിമ്പടപ്പു വന്നു അഭയം ചൊദിച്ചു
അല്പുകെൎക്കും മന്ദഹാസത്തൊടെ അവനൊടു ആശ്വാസം പറഞ്ഞു മനസ്സുറപ്പിച്ചു - പിന്നെ
സ്വകാൎയ്യമായി വെപ്പിലെക്ക് ഒടി താമൂതിരിയുടെ വടയെ ഉപായിച്ചു നീക്കി മടങ്ങി വന്ന നാൾ പെ
രിമ്പടപ്പു കാരണ്ണ ബ്രാഹ്മണൎക്ക് അക്കാവന്ന എന്തു ഭയം ലഭിച്ചാലും അവകാശന്ന്യ-
യം ഒട്ടും ഇല്ല എന്നു അൎത്ഥിക്കയാൽ വിഷാദം മുഴുത്തു വന്നു എന്നു കൊല്പിച്ചു - ഈ ഭാരത്തി
ൽ ബ്രാഹ്മണമൊഴിക്കല്ലാ അന്യരുടെ കൈക്ക് ആക്കിന്നു തന്നെ ഇനി വാഴുവാൻ അവകാശം
ഉണ്ടാകയാൽ ആജ്ഞാപിച്ചു തിരുമനസ്സിൽ ആശ്രയിച്ചു കൊണ്ടു അവർ കൈ വിട്ടുകളില്ലാ എന്നു ചൊ
ല്ലി മനഃപ്രസാദം വരുത്തുകയും ചെയ്തു -

൪൭.) അല്പുകെൎക്ക് പിന്നെയും ഗൊവായുദ്ധത്തെ ഒരുക്കിയതു -

൧൫൧൦ സെപ്തമ്പ്ര മാസം പറങ്കി മുപ്പന്മാർ എല്ലാവരും കൊച്ചിയിൽ കൂടി നിരൂപിക്കുമ്പൊൾ
അല്പുകെൎക്ക് ഇനി ഗൊവയെ പിടിക്കെണം എന്നു പറഞ്ഞതു എല്ലാവൎക്കും നിരസമായി തൊന്നി -
മലയാളത്തിൽ കൊച്ചി തന്നെ പ്രധാനനഗരമായിരിക്കട്ടെ വടക്കെ മുസല്മാനരെ തടുക്കെ
ണ്ടുന്ന ഗൊവയൊളം നല്ലൊരു ദെശം കാണ്മാൻ ഇല്ല - അവിടെ അദിൽഖാൻ ഗുജരാത്തി
രാജാവ് ഇവർ ഒഴികെ മിസ്രി സുല്ത്താനൊടും എതിൎക്കെണ്ടതിന്നു വെണ്ടുന്ന കൊപ്പുകളും ആയുധ
വും കൊട്ടയും ഉണ്ടു എന്നു പല പ്രകാരം കാണിച്ചിട്ടും അവൎക്കു ബൊധിച്ചില്ല - എങ്കിലും രാജ്യാ
ധികാരി വളരെ അപെക്ഷയൊടെ ചൊദിച്ചു പൊരുകയാൽ അവർ മിണ്ടാതെ ഇരുന്നു - അ
ല്പുകെൎക്ക് അപ്പൊൾ ഉള്ള ൨൩ കപ്പലൊടു പൊൎത്തുഗാലിൽ നിന്നു പുതുതായി വന്ന ൧൦ കപ്പലും ചെ

ട്ടു, ൨൦൦൦ വെള്ളക്കാരാകുന്ന പട്ടാളം കരെറ്റി കണ്ണനൂരിൽനിന്നോടിക്കുകയും ചെയ്തു—
അവിടെ കുറയകാലം പാൎത്താറെ ഗൊവയിൽ നിന്ന് ൧൦൦ തോണിയോളം ചെൎന്നു വന്നു എന്നുള്ള
വാൎത്ത കെട്ടാറെ പറങ്കികൾ ഇളൎമ്മ സന്തൊഷിച്ചു മറ്റവരെയും കലഹിപ്പിച്ചു ഞങ്ങൾ കൊ
ങ്കണത്തിൽ പൊകയില്ല എന്നു ഞെളിഞ്ഞു നില്ക്കയും ചെയ്തു— ആയതു താമൂതിരിയും അറി
ഞ്ഞു പെരിമ്പടപ്പിലെ അവകാശിയായവനെ പടയൊടു കൂടെ അയച്ചു കൊലത്തിരിയൊടും
ശിക്ഷിപ്പാൻ നൊക്കി എങ്കിലും അവൎക്ക് പ്രത്യുല്പന്നമനസ്സ് വെണ്ടുവൊളം കാട്ടിനതും
ല്ലാഞ്ഞും ഭയംകൊണ്ടും പറങ്കികളെ അമൎത്തു വീഴ്പ്പതാവത്താൽ മഹാലൊകരെയും വശീ
കരിച്ചു കൊലത്തിരിയുടെ മന്ത്രിയായ ചെണിച്ചെരിക്കുറുപ്പൊടു സ്നെഹം ഉറപ്പിച്ചു അവനും
൩൦൦ നായരുമായി കൊങ്കണത്തിൽ ഓട്ടുവാൻ ഒരുങ്ങി പറങ്കികളുടെ ദെശം വരുത്തുകയും
ചെയ്തു—

കൊച്ചിയിൽ നൊറൊഞ്ഞപ്പൻ രാപ്പകൽ അതിർ കാത്തു കൊണ്ടിരിക്കുമ്പൊൾ മൂത്ത
അവകാശി ഒരിക്കൽ തൊണിയിൽ കയറി കൊച്ചിക്കു പെരുക്കെ ചെല്ലുവാൻ മനസ്സായ
പ്രകാരം പ്രസിദ്ധമാക്കി പാൎത്തു- ഒരു നാൾ രാത്രിയിൽ നാലോടം എത്രയും വെഗത്തി
ൽ തണ്ടു വലിച്ചു വിരഞ്ഞു ചെല്ലുന്നതു ഒറ്റുകാർ അറിയിച്ചാറെ നൊറൊഞ്ഞ താൻ പിന്തുടൎന്നു
എതിരിപൊരുതു ഓടങ്ങളെ പിടിച്ചു കയറുകയും ചെയ്തു- അകത്തു നൊക്കിയപ്പൊൾ അവ
കാശി ഇല്ലാ അവൻ ഒരു ചെറു തോണിയിൽ കയറി കരക്കൽ തുഴഞ്ഞു തെറ്റിപ്പൊയിരുന്നു-
വെൺകൊറ്റക്കുടങ്ങളെ ഒക്കെ പൊൽകാഹളം പെരിമ്പറ പൊൻപുടവ മുതലായത്തും
വിരുതുകൾ പലതും ഓടങ്ങളിൽ കിട്ടിയതു നൊറൊഞ്ഞ പെരിമ്പടപ്പിന്ന് അയച്ചു കാഴ്ചെ
വച്ചിരിപ്പൊൾ അവൻ വളരെ പ്രസാദിച്ചു ഇനി ശങ്ക ഒന്നും ഇല്ല എന്നു ചൊല്ലി സുഖിച്ചു
വാണു * അവകാശിയൊ വ്യസനഭഗ്നനായി മടങ്ങി താമൂതിരിയെ കണ്ടു വിധിബലം
ഉണൎത്തിച്ചു മരണപൎയ്യന്തം എറനാട്ടിൽ ചെകം എടുത്തു പാൎക്കയും ചെയ്തു- ഈ ഭാഗത്തു ഇനി
പടയില്ല എന്നു കണ്ടാറെ നൊറൊഞ്ഞ താനും മറ്റു പല വീരന്മാരും ബദ്ധപ്പെട്ടു കണ്ണനൂരിലെക്കു
യാത്രയായി കൊങ്കണയുദ്ധത്തിന്നായി അവൎക്കു അനുസരിച്ചു പുറപ്പെടുകയും ചെയ്തു [illegible]

* കേരളത്തിൽ തമ്പ്രാക്കന്മാർ വയസ്സു ചെന്നാൽ ക്ഷെത്രം പുക്കു സന്യാസം ദീക്ഷി
ക്കുന്ന മൎയ്യാദ അന്നു മുതൽ ക്രമത്താലെ ക്ഷയിച്ചു പൊയി എന്നു തൊന്നുന്നു—

F. Müller. Editor.

നമ്പ്ര ഒന്നിന്നു — പശ്ചിമോദയം — [illegible]
൧൮൪൮ നമ്പ്ര — അഗുസ്തു — [illegible]

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൩. മദ്ധ്യഖണ്ഡം

൯. ദെവപ്രയാഗയിങ്കൽ പൎവ്വതങ്ങളെ ദെശപൎവ്വതങ്ങളുടെ ഗംഗാതീരത്തിന്റെ അവസ്ഥ- ഹിന്ദത്തിന്റെ കിഴക്കെ അതിരു തുടങ്ങിയ യമുനാനദിയൊടു കൂടെ ഗംഗ കിഴക്കൊട്ട ഒഴുകുന്ന അലഹാബാദ് - വാരാണസി - ബെഹാരം എന്ന കൃഷിനാടുകളിൽ കൂടി ഒഴുകി രാജമഹാൽ നഗരസമീപത്തു ഭാരതഖണ്ഡത്തിൽനിന്ന വടക്കെ കിഴക്കൊട്ടു നീണ്ടുകിടക്കുന്ന ശാഖാഗിരികളെ കടന്നതിന്റെ ശെഷം ബ്രഹ്മപുത്രനദിയൊടു ബെങ്കാളദെശം ഉൾക്കൊണ്ട നാട്ടിലെ ഒട്ടു പ്രവഹിച്ചുകൊണ്ടിരിക്കുന്നു- അലഹാബാദ് നഗരം തുടങ്ങി രാജമഹാൽ പൎയ്യന്തവും നാടെല്ലാം പശ്ചിമ കൂറായ സമഭൂമിയാകകൊണ്ടു - പഞ്ഞി - അമീൻ - നെല്ലു മുതലായ കൃഷികൾ നിറഞ്ഞു ധനധാന്യാദികൾ പെരുകി നാട്ടുകാരും പടയും കച്ചവട വ്യാപാരവും അതി ജനപുഷ്ടി ബ്രഹ്മാണ്ഡം വൎദ്ധിച്ചു ഉള്ള രാജ്യം ആകുന്നു— ഗംഗയുടെ കരമെൽ ഉള്ള നഗരങ്ങൾ ഒക്കെ ദെശം ... ചെന്ന ദെവി ... പട്ടണത്തിന്നു സമമായ ... ശാസ്ത്രം കിടക്കുന്നു - ക്ഷെത്രങ്ങളും ... സ്നാനം കഴിപ്പാൻ ഗോപുരങ്ങളും കല്പടകളും ... ഉണ്ടാക്കിയിരിക്കുന്നു - വിശുദ്ധനദിയിൽ കുളിച്ചു തീൎത്ഥസ്നാനാദികളെ കഴിപ്പാൻ ഭാരതഖണ്ഡത്തിലെ എല്ലാ നാടുകളിൽനിന്നും അനെകജനങ്ങളും - സന്യാസികളും അങ്ങൊട്ടു ചെന്നു ... വരുന്നുണ്ട്- ... ലൊകരെക്കൂടി ... വാങ്ങി ... വസം കഴിച്ചു വരുന്നു - അങ്ങൊട്ടു ചെല്ലുവാൻ കഴിയാത്തവൎക്കു ... ങ്ങളിൽ എങ്ങനെ ക്ഷെത്രങ്ങളിലും വെള്ളം എടുത്തുകൊണ്ടു പൊകുന്നവരുടെ സംഖ്യയും അല്പം അല്ല— ... സുഖവാസത്തിന്ന നല്ലതാകുന്ന ... നഗരങ്ങളിൽ ...

ശാലകളെയും കെട്ടി കച്ചവടം ചെയ്തു പാൎത്തുകൊണ്ടുമിരിക്കുന്നു — വിശേഷനഗരങ്ങളി
ൽ ഒന്നു പ്രയാഗം — അലഹാബാദ് - കാശി ഈ രണ്ടു പട്ടണങ്ങളുടെ നടുവിൽ മിൎജ്ജാപൂൎവ്വ
ഴയുടെ തെക്കെക്കരമെൽ തന്നെ മഹാ കച്ചവടനഗരമായിരിക്കുന്നു — വിശേഷിച്ചു ചരക്കുക
ൾ പരുത്തി - തിലം ഈ വക തന്നെ — നിവാസികളുടെ സംഖ്യ ൬ ലക്ഷത്തിന്റെ താഴെ
അല്ല — പട്ടണത്തിൽനിന്നല്പം കിഴക്കോട്ടു കാശിനഗരസമീപത്തു തന്നെ ചുനാർ
കോട്ട പല കലഹക്കാൎക്കും രാജദ്രോഹികൾക്കും വാസസ്ഥലമായിരിക്കുന്നു — ഭാരതഖ
ണ്ഡത്തിൽ സകല പട്ടണങ്ങളിൽ കീൎത്തി മികെച്ച വാരാണസി (കാശി) തന്നെ —
അതു നദിയുടെ വടക്കെക്കരമെൽ അൎദ്ധചന്ദ്രാകാരം പൂണ്ടു കിടക്കുന്ന ദെശം [illegible]
ട്ടു കുറയാതെ ഒരു ലക്ഷം നിവാസികളോടും കൂട ബ്രാഹ്മണരുടെ പ്രധാനപട്ടണമായിരു
ന്നു — ഔരങ്ങജെബ് പാദിശാ മുഹമ്മദീയരുടെ ശുദ്ധ മാൎഗ്ഗം [illegible]
ത്തിങ്കൽ [illegible] കാരം കാശിനഗരത്തിന്റെ നടുവി
ലുള്ള പല മഹാക്ഷെത്രങ്ങളെ ഇടിച്ചു കളഞ്ഞു ആ സ്ഥലത്തു തന്നെ ഒരു
മായ ഒരു പള്ളിയെ കെട്ടിച്ചു എങ്കിലും പിന്നെ ഹിന്തുക്കളുടെ [illegible]
സ്ഥാനത്ത സാദ്ധ്യമായി പൊയി — ആയിരമായിരം ഉരുക്കൾ ദിവസെന ഒ
രൊ ദെശങ്ങളിൽ നിന്നു തീൎത്ഥസ്ഥാനത്തിന്നായി നഗരത്തിൽ എത്തുന്നതുമല്ലാതെ
മഹൊത്സവദിവസങ്ങളിൽ അതിൽ പാൎക്കുന്നപരദെശികളുടെ സംഖ്യ ഒരു ലക്ഷ
ത്താളം വൎദ്ധിച്ചു വരുന്നു — പുഴവക്കത്ത് ക്ഷെത്രങ്ങളും മഠങ്ങൾ ശാലകളും - മറ്റു
കല്വീടുകളും മരങ്ങൾ എങ്ങും നിറഞ്ഞു നില്ക്കുന്നു — പല രാജാക്കന്മാരും പ്രഭുക്കളും ധ
നവാന്മാരും മൊക്ഷസാദ്ധ്യം വരുത്തുവാൻ പലപ്പൊഴും ആ [illegible]
പട്ടണത്തിൽ ക്ഷെത്രങ്ങളെയും ഭവനങ്ങളെയും കെട്ടി [illegible]
ബ്രാഹ്മണൎക്കും മടിയന്മാരായ സന്ന്യാസികൾക്കും - ഭിക്ഷക്കാൎക്കും അത്യന്തം
ധൎമ്മം ചെയ്തു മരണത്തിന്നായി കാത്തുകൊണ്ടുമിരിക്കുന്നു — ഹിന്തുക്കളിൽ ബ്രാ
ഹ്മണർ അത്രെ പാൎക്കുന്നതാകുന്ന ഇങ്ങനെ വസിക്കുന്ന പട്ടണം ശത്രു [illegible]
ഷിയൊരു ശൊഭ ഇല്ല - ധനവാന്മാരുടെ അംശത്തിലും - വിലാത്തിക്കാർ പാൎക്കു
ന്നിടത്തിലും മാത്രമെ സാരമുള്ള ഭവനങ്ങൾ നില്ക്കുന്നുള്ളു — ബ്രാഹ്മണവിദ്യാശാ
ലകളും പട്ടണത്തിൽ എണ്ണമില്ലാതെ ശെഷമായി പഠിപ്പിക്കുന്ന തവെദശാസ്ത്രപുരാണാദി

കൽത്തന്നെ — കച്ചവടം മുതലായ വൃത്തികളിലും ഒട്ടും കുറവില്ല — ഇങ്ക്ലിഷ ബൊധകന്മാരും അവിടെ പാൎത്തു സുവിശെഷവ്യാപനത്തിന്നു പലവിധമായ അധ്യാപന ഷ്യ ൟ പള്ളികളെയും ഉണ്ടാക്കി ക്രിസ്തീയ സഭകളെയും സ്ഥാപിച്ചു വൎദ്ധിപ്പിച്ചു പൊരുന്നു — പട്നാസമീപത്തു ഗംഗാനദിയുടെ വിസ്താരം ൩൦൦൦ കോലിട —

വാരാണസിയിൽനിന്നു കിഴക്കൊട്ടു ഘാജിപുരി - ദിനപ്പൂർ - ഹജിപൂര - വാണിക്കാപുരി - മൊംഗിർ ബുദ്ധഗൊവിന്ദ കഹൽഗാമ്പൂർ മുതലായ പല നഗരങ്ങൾ ഗംഗാനദിവക്കത്തു കിടക്കുന്നെങ്കിലും എല്ലാറ്റിന്റെ അവസ്ഥയെ വിവരമായി പറവാൻ പാടില്ല - മുഖ്യമായി വിസ്തരിക്കെണ്ടുന്നവ രണ്ടു മൂന്നു ഉള്ളു — അവറ്റിൽ ൧ - പണ്ടു പാടലിപുത്രമിരുന്നിരുന്ന സ്ഥലത്തു വിസ്തീൎണ്ണമായി കിടക്കുന്ന പട്നാപുരി പ്രത്യെകം (പ്ര) നഗരം തന്നെ - ബെഹാർ എന്ന നാട്ടിലെ പ്രധാനപട്ടണമാകുന്നു — അതിലെ ൫൦൦൦൦ വീടുകളിൽ സുമാർ ൩൦൦൦൦൦ ജനങ്ങൾ വസിച്ചുവരുന്നു — നീല - അവീൻ പരുത്തി മുതലായ ചരക്കുകളെ കൊണ്ടു കച്ചവടം നടത്തുന്ന പല വിദ്യാൎത്ഥികാരും പാണ്ടിശാലകളെ കെട്ടി പുഴക്കരമെൽ വിശിഷ്ടഭവനങ്ങളെയും പണിയിച്ചു സുഖെന പാൎത്തു വരുന്നു — കമ്പിളൊട്ടവും അതൊക്കെയും നദിയിൽ കൂടി പൊയി നടക്കുന്നു — പട്ടണത്തിൽനിന്നല്പം കിഴക്കൊട്ടു ശൊണ - സരയു നദികൾ ഗംഗയിൽ ചെന്നുചെരുകകൊണ്ടു അതിന്റെ വിസ്താരം വൎഷകാലത്തിൽ ൬ നാഴികയൊളം വൎദ്ധിച്ചു പൊരുന്നു — ൨ - രാജമഹാൽ പട്ടണം ബെഹാരദെശത്തിന്റെ കിഴക്കെ അതിരിൽ ഗംഗയുടെ തെക്കെ പടിഞ്ഞാറെ കരമെൽ തന്നെ കിടക്കുന്നു — പണ്ടു അതു ഒരു രാജധാനിയായിരുന്നു - ഇപ്പൊൾ ഉള്ള വരെ ക്ഷയിച്ചു ഭൂകമ്പം തന്നെ ബൊധകന്മാൎക്കു ദെശം ഇടിഞ്ഞു വീണിരിക്കുന്നു - പഴയ ശൊഭയും ഇടവും അല്പം ചില ശെഷിപ്പുകളെക്കൊണ്ടു കാണാനുള്ളു — ആ പട്ടണത്തൊളം അമരഖണ്ഡ ദെശത്തിൽനിന്നു ഒരൊ ശാഖകളായി കിഴിഞ്ഞു — കിഴക്കൊട്ടുള്ള ഭൂമിയെല്ലാം താണനാടു തന്നെ —

൩ - ത്രിഹുതദെശം

അതിന്റെ അതിരുകൾ കിഴക്കു കൊശികനദി - തെക്കു ഗംഗ - പടിഞ്ഞാറു ഗണ്ഡകിപ്പുഴ വടക്കു നെപാളരാജ്യം — ഈ പറഞ്ഞ അതിർനദികളല്ലാതെ പല ചെറുപുഴകൾ

ഹറോക്കടെ ഒഴുക്കുകൊണ്ടു ദെശം എല്ലാം പശിമക്കൂറ തന്നെ — എങ്കിലും വെ
ള്ളത്തിന്റെ ആധിക്യം നിമിത്തവും വടക്കെ അംശം ഹിമാലയപർവ്വത സമീപം
ഉള്ളവെക്കൊണ്ടും കനിമിത്തവും മനുഷ്യവാസത്തിന്നു അകാ — പനിമൃത
ലായദിനങ്ങൾ നിത്യം അതിൽ വ്യാപിച്ചു പൊരുന്നു — അതിനാൽ പട്ടണങ്ങൾ
ദുർല്ലഭമാകിട്ടത്രെ കാണുന്നു — എന്നിട്ടും കച്ചവടലാഭം കാംക്ഷിച്ചു പലപല
ത്തിക്കാർ ശത്രുക്കളുടെ അസഹ്യ ഉപദ്രവം ഇല്ലാതെ ഒരെടത്തിൽ കാസ്സസ്-
അമൃതമയലായ വദറിന്റെ തൊട്ടങ്ങളെ ഉണ്ടാക്കി പാർത്തിരിക്കും - അവി
ൻ എചരക്കുകളെ കൊണ്ടു കച്ചവടം ചെയ്തു ധനം വർദ്ധിപ്പിച്ചു കൊണ്ടി
രിക്കുന്നു — അധികം അസൌഖ്യമുള്ള സമയം മഴക്കാലം തന്നെ — അതി
ൽ ദെശത്തിന്റെ പല അംശങ്ങൾ തടിയിന്റെ ഭാഷയിൽ കിടക്കുന്നു —
ചൊട്ടുകാരുടെ ഭുഷ്കമാകിട്ടല്ലൊ കാണുന്നത് — ഹിമാലയപർവ്വ
തം എത്രയും സമീപം എങ്കിലും ഒരുകാത്തമ ആയതിനെക്കാളെ
ക്കുന്നിത്യം മരച്ചുകളയുന്നു — തവള - പലവിധമായ പാമ്പുകൾ - ഇരുമ്പ
ഈച്ച - കമ്പിളിപ്പുഴു ഇത്യാദി മലപ്രാണികളുടെ ഉപദ്രവം അസഹ്യം
എന്നു കെൾക്കുന്നു — മുഖ്യ പട്ടണങ്ങൾ ആകുന്നതു ഗംഗാനദിയുടെ പട
ക്കെ കരമെൽ കിടക്കുന്ന ഹജിപ്പൂർ അതിൽനിന്നു ഒരു ദെശം
കാതം വടക്കൊട്ടുള്ള ഇങ്ക്ലീഷ് പട്ടാളവാസം ആയ മുജ്ജിപ്പുറം ഈ
ട്ടത്തന്നെ തിരുഹൂത ദെശത്തിന്നു പടിഞ്ഞാറൊട്ടു
ടെ കരമെൽ ഗൊരഖ്പൂർ കൊശലരാജ്യത്തെ ശൊഭിച്ചുകിടക്കു
ന്നു —

ഔദെപഴമ

൫൩) ഗൊവാമ്പരത്തെപ്പറ്റിയും ...

അനന്തരം ... ഫലങ്ങളൊടു കൂട പുറപ്പെട്ടു ഹൊന്നാവറിൽ
... യാത്രെക്കു ... രാജാവിന്റെ പുത്രിയെ
... ചൊദിച്ചു-

കല്യാണം കഴിഞ്ഞ ഉടനെ വരാം എന്ന പ്രഭു പറഞ്ഞു നടക്കപ്പൊഴും മാധവരാവ എന്ന വി-
രനെയും കൂട അയച്ചു താൻ പിൻ ചെല്വാൻ കൈ ഏറ്റു — അതിൽ ഖാൻ ഗൊവയിൽ ത-
ന്നയൊ എന്ന ചൊദിച്ചതിന്ന അല്ല കൃഷ്ണരായർ തരക്കൊലെ കൊളുപട കൂടിയതു അതു ഖാ-
നായി അതിൽ ഖാൻ പുറപ്പെട്ടിരിക്കുന്നു എന്ന കേട്ടാറെ അല്ബുകെൎക്ക സന്തൊഷിച്ചു അവൻ മടങ്ങിവ-
രുംമുമ്പെ ഗൊവയെ പിടിക്കെണം എന്ന കണ്ടു താമസം കൂടാതെ അതിന്റെ നെരെ ഓടി
ക്രി. ൧൫൧൦. നവമ്പ്ര ൨൫മതിന്നെ രണ്ടാം യുദ്ധം ചെയ്തു കയറി ജയിച്ചു പുതിയ കൊട്ടയെ അടക്ക-
കയും ചെയ്തു — ഈ പുണ്യവതി കഥറിനയുടെ ദിവസം പറങ്കികൾ അന്നുമുതൽ എത്രയും ശ്രീത്വ-
മുള്ള നാൾ യുദ്ധം സമാപിച്ചതിന്റെ ശെഷമത്രെ തിമൊജ്യ എത്തിയതു അല്ബുകെൎക്കിന്ന
സന്തൊഷമായില്ല തൊന്നി ക്രിസ്ത്യാനരുടെ പീഡിത്താലെ ജയം വന്നതു ഉള്ളു എന്ന
തെളിഞ്ഞു വരികയും ചെയ്തു — പട്ടണം പിടിച്ച ശെഷം കൃഷ്ണരായരുടെ മന്ത്രികൾ വന്നു
ബ്രാഹ്മണരെ രക്ഷിച്ചു വെക്കെണ്ടതിന്ന വളരെ പറഞ്ഞപ്പൊൾ അല്ബുകെൎക്ക രാ-
യരെ മാനിച്ചു ബ്രാഹ്മണർ മുതലായ ചതുർവ്വൎണ്ണക്കാരെ ഭെദം കൂടാതെ പരിപാലി-
ച്ചു മാപ്പിളമാരെ മാത്രം പട്ടണത്തിൽ നിന്നു നീക്കുവാൻ നിശ്ചയിച്ചു അവരും
വെഗത്തിൽ ഓടിപ്പൊയാറെ അല്ബുകെൎക്ക പടയാളികളെ വഴിയെ അയച്ചു മാപ്പിള-
മാരുടെ കന്യമാരെ പിടിച്ചു കൊണ്ടുവരെണ്ടതിന്നു കല്പിച്ചു — അവർ ൧൫൦ ഓളം
പെൺകുട്ടികളെ ചെൎത്തു കൊണ്ടുവന്നപ്പൊൾ അല്ബുകെൎക്ക അവരെ തന്റെ പുത്രിമാ-
രെന്ന വിളിച്ചു സ്നാനം കഴിപ്പിച്ചു വീരന്മാരെ കൊണ്ടു വെട്ടിച്ചു അവൎക്കു ജയങ്ങളെ വി-
ഭാഗിച്ചു കൊടുത്തു — നികിതി കൊടുക്കെണ്ടതു ഹിന്തുക്കൾ മാത്രം — ആജ്ഞാപിച്ചതുപോലെ പറ-
ങ്കികൾ പട ചെയ്കകൊണ്ടു ഉരിക്കെണം — ശെഷം മാപ്പിളമാരുടെ ധനം എ-
ല്ലാം ജപ്തി ചെയ്കയാൽ കൊട്ട ഉറപ്പിപ്പാനും പള്ളികളെ കെട്ടി പട്ടണത്തെ അലങ്കരിച്ചു
വൎദ്ധിപ്പിപ്പാനും കൊപ്പ വെണ്ടുവൊളം കിട്ടി — മതിലിന്നായി കുഴിക്കുമ്പൊൾ ചെ-
മ്പാലുള്ള ഒരു ക്രൂശ് കാണായ്വന്നു എന്ന കെൾക്കുന്നു — അതു ഈ ദെശത്തു പണ്ടു ക്രിസ്തമാ-
ൎഗ്ഗം പരന്നിരുന്നു എന്നുള്ളതിന്നു ദൃഷ്ടാന്തമാകയാൽ പറങ്കികൾ വളരെ സന്തൊഷം ഉണ്ടാ-
യി — അവർ അതിനെ പുതിയ പള്ളിയിൽ സ്ഥാപിച്ചതിന്റെ ശെഷം പൊൎത്തുഗാൽ രാജാ-
വിന്നും അവൻ ലെയൊ പാപ്പാവിന്നും കാഴ്ചയായി അയക്കയും ചെയ്തു —
അന്നുമുതൽ പറങ്കികൾ മലയാളത്തിലല്ല ഗൊവയിൽ തന്നെ പ്രധാനസ്ഥാനമാക്കി —

അതു കെരളത്തിന്നു വടക്കെ ദെശം ആകയാൽ അതിന്റെ വിവരം ചുരുക്കി പറ
ഞ്ഞതെ ഉള്ളു — മെലാൽ വൎത്തമാനത്തിൽനിന്നും കെരളത്തെ തൊട്ടുള്ള അം
ശങ്ങളെ മാത്രം എടുത്തു പറയും — ഇങ്ങിനെ പറങ്കികൾ കെരളത്തിൽ വന്നു
വ്യാപരിച്ചിട്ടു ൧൦൦ ആണ്ടിൽ അവൎക്കു സ്ഥിരമുള്ള ഉളവാസം കിട്ടി
യതു അല്ബുകെൎക്കിന്റെ ബുദ്ധിവിശെഷത്താൽ സംഭവിച്ചിരിക്കുന്നു.
അൽമൈദ മുതലായവർ മുളക്കു തുടങ്ങിയ കച്ചൊടങ്ങളിലെ ലാഭങ്ങ
ളെ കരുതിക്കൊണ്ടിരിക്കെ അല്ബുകെൎക്ക കണ്ടു നിശ്ചയിച്ചതു ഇവി
ടെ പറങ്കികൾ കുടിയെറി പാൎക്കെണം. കപ്പൽബലം കൊണ്ടു സ
മുദ്രം വാഴുന്നതു പൊരാ യുദ്ധങ്ങൾ ഉണ്ടായാൽ മതിയാകുന്ന പ
ട്ടാളം ഇക്കരയിൽ തന്നെ ചെൎപ്പാൻ സംഗതിവരെണം. അതിന്നാ
യി പടജ്ജനങ്ങൾ നാട്ടുകാരത്തികളെ വിവാഹം ചെയ്തു പുത്രസ
ന്തതുണ്ടാക്കി ക്രിസ്ത്യാനസമൂഹത്തെ വൎദ്ധിപ്പിച്ചു പൊരെണ്ടതാ
കുന്നു — എന്നിങ്ങിനെ ആലൊചിച്ചതു പലരും വിരൊധിച്ചിട്ടും
അവൻ ബുദ്ധിയൊടും സ്ഥിരതയൊടും നടത്തുകയാൽ ഈ ഖ
ണ്ഡത്തിലുള്ള പൊൎത്തുഗാൽ അധികാരത്തിന്നു കാരണഭൂതൻ
ആയിചമഞ്ഞു —

അങ്ങിനെ എല്ലാം ഉത്സാഹിച്ചു പൊരുമ്പൊൾ കൊച്ചിരാജാവ് മുത
ൽ കെരളത്തിൽ ചങ്ങാതികളായി പാൎക്കുന്നവരിൽ ഗൊവനിമി
ത്തം വളരെ അസൂയ തൊന്നി — കൊച്ചി തന്നെ മൂലസ്ഥാനം ആകെ
ണം. കപ്പൽ എല്ലാം ഇവിടെ എത്തെണം എന്നു പെരിമ്പടപ്പിന്റെ ര
ഷിന്നയല്ലൊ ആയതു — തൊപ്പിക്കാർ പലരും ഈപരിഷയിച്ചത്
എല്ലാം മാറി പൊകെണ്ടതല്ലൊ എന്നു വെച്ചു വിഷാദിച്ചു മത്സരക്കാർ പല
രും തങ്ങളുടെ ദൊഷങ്ങളെ കുറെക്കെണ്ടതിന്നു അല്ബുകെൎക്കിന്റെ മാഹാ
ത്മ്യം മറെച്ചു വെച്ചു ഇവൻ രാജ്യത്തെ നശിപ്പിക്കുന്നു എന്ന കുറ്റത്തി
യെ പൊൎത്തുമാരാക്കകയും ചെയ്തു —

F. Müller Editor.

Archivfilm
vorhanden

4.-

„Indische Zeitung." v. d. Lehrer Relalay

പശ്ചിമോദയം

നമ്പ്ര ഒന്നിന്നു		൧ പൈസവില
൧-ാം നമ്പ്ര	തലശ്ശേരി	൧൮൪൭. ഒക്താ

വെളിച്ചം പൂൎവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നതുണ്ടു
തന്നെ-ഈ കേരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലൊ
നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങോട്ടുക
വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു-ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും
കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു-രണ്ടുവകെക്കും തമ്മിൽ വളരെ ഭേദം ഉ
താനും-പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതോപദേശങ്ങളെ വ്യാഖ്യാനിച്ചു ഒരൊന്ന
ദരുണ്ടായി ദിവ്യലോകങ്ങളെ ഉപമെച്ചു വിദ്വാന്മാരെ രസിപ്പിക്കുന്നതു മിത്ര ജ്ഞാ
ത്തിൽ മൎയ്യാദ തന്നെ-കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളു
ഉപകാരത്തിനായി ഗദ്യമായി പറയുന്നതു വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണമ
ഈ വകയായിട്ടു ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും വിലാ
ശാസ്ത്രങ്ങളിൽനിന്നു പറയുന്നതു ഒരൊന്നെടുത്തു ഇതിൽ കാണിച്ചമാതിരിയാ
മലയാളികൾക്ക തോന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള
ക്കു അയക്കുകയും ചെയ്യും-വില ഒരു വൎഷത്തിന്നു അരരൂപിക-

ജ്യോതിഷവിദ്യ

സൎവ്വശാസ്ത്രങ്ങളിലും സകല കാൎയ്യജ്ഞാനങ്ങളിലും പ്രധാനമാകുന്നതെന്നു ഈരാജ്യക്കാർ
ഫലത്തെ പറയുന്ന-ജ്യോതിഷമെന്നതു വെളിച്ചം തന്നെ-ജ്യോതിഷമൊ കണ്ണാലെ കാ
ന്നഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു- അതല്ലാതെ

സൎവ്വലാവണ്യം നല്കും താരകാധിപൻ നൂനം
സൎവ്വശോകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കേൾക്കുന്നതു പോലെ വണ്ടു പലരാജ്യക്കാരും ഒരൊ രൂപങ്ങളൊ
ങ്ങൾ മനുഷ്യൎക്കു വരുന്നതു നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയി